# മാർഗ്ഗരേഖ

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനു നിയമിക്കപ്പെട്ട ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി. കോശി കമ്മീഷൻ മുമ്പാകെ നിവേദനങ്ങൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ തയ്യാറാക്കിയത്.

**(For Private Circulation Only)**

# ആമുഖം

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനു നിയമിക്കപ്പെട്ട ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി. കോശി കമ്മീഷന്റെ മുമ്പാകെ നിവേദനങ്ങൾ സമർപ്പിക്കുന്നതിന് സഹായകമായി ക്രൈസ്തവ സമൂഹം വിവിധ മേഖലകളിൽ നേരിടുന്ന ഏതാനം പ്രശ്നങ്ങളെ ഉൾപ്പെടുത്തി സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ തയ്യാറാക്കിയ ഒരു പ്രാഥമിക രേഖ മാത്രമാണിത്. ഇതിൽ ഉൾപ്പെടാത്ത മേഖലകളും പ്രശ്നങ്ങളും ഇനിയും അനേകം കണ്ടേക്കാം. എങ്കിലും ചർച്ചകൾക്കും പഠനങ്ങൾക്കും ഇത് പ്രാരംഭമായി ഉപകരിക്കും. ചർച്ചകളിലൂടെ ഇതിനുള്ളിലെ ആശയങ്ങൾ വിപുലീകരിക്കുകയും പുതിയവ കൂട്ടി ചേർക്കുകയും ചെയ്ത് നിവേദനങ്ങൾ ബഹു. ജസ്റ്റിസ് ജെ ബി കോശി കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. ഇതിൽ ശ്രദ്ധിക്കേണ്ടതായ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഓർമിപ്പിക്കുന്നു.

1. അവതരിപ്പിക്കുന്ന വിഷയങ്ങൾക്ക് തെളിവുകൾ കൂടി സമർപ്പിച്ചാൽ അത് കൂടുതൽ ഫലപ്രദമാകും. അതാതു വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന രേഖകൾ, മറ്റ് ആധികാരിക രേഖകൾ, പത്ര വാർത്തകൾ, ഫോട്ടോഗ്രാഫുകൾ, സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകൾ, ഇന്റർനെറ്റിൽ നിന്നും ലഭിക്കുന്ന വിശ്വസനീയമായ രേഖകൾ തുടങ്ങിയവ പരമാവധി നിവേദനങ്ങളോടൊപ്പം സമർപ്പിക്കേണ്ടതാണ്. പി എസ് സി-യുടെയും, വിവിധ ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റുകളുടെയും, എൻട്രൻസ് കമ്മീഷണറുടെയും, ന്യൂനപക്ഷ കമ്മീഷന്റെയും മറ്റും വെബ്സൈറ്റുകളിൽ നിന്ന് ആവശ്യമായ തെളിവുകൾ ശേഖരിക്കാം. ലഭിക്കുന്ന തെളിവുകൾ എല്ലാ രൂപതകളും പരസ്പരം ഷെയർ ചെയ്യേണ്ടതാണ്. എന്നാൽ തെളിവുകൾ ലഭിച്ചില്ല എന്ന പേരിൽ നിവേദനങ്ങൾ അയയ്ക്കാതിരിക്കരുത്. തെളിവുകൾ പിന്നാലെ നൽകിയാൽ മതിയാവും. നിവേദനങ്ങൾ അയയ്ക്കുന്നതിൽ കാലതാമസം ഒഴിവാക്കുകയാണ് അഭികാമ്യം.

2. പരമാവധി നിവേദനങ്ങൾ നമ്മൾ സമർപ്പിക്കേണ്ടതുണ്ട് . സഭാതലത്തിൽ നിന്നും എല്ലാ രൂപതാ തലങ്ങളിൽ നിന്നും നിവേദനങ്ങൾ ഔദ്യോഗികമായി സമർപ്പിക്കേണ്ടതാണ്. അത് കൂടാതെ വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, ഡിപ്പാർട്ട്മെന്റുകൾ, ഫൊറോന, ഇടവക തലങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഔദ്യോഗികമായി നിവേദനങ്ങൾ സമർപ്പിക്കണം.

ഓരോ ഡിപ്പാർട്ട്മെന്റിനും സംഘടനകൾക്കും ഈ മാർഗരേഖയിൽ നിന്നും അവരവരുടെ മേഖലകളിൽ വരുന്ന വിഷയങ്ങൾ തെരഞ്ഞെടുത്ത് നിവേദനങ്ങൾ തയ്യാറാക്കാവുന്നതാണ്. ഒരു ശീർഷകത്തിൽ തന്നെ ഉൾപ്പെടുന്ന ആശയങ്ങളെ ഉദാഹരണങ്ങളും തെളിവുകളും സഹിതം വിശദീകരിച്ച് പല നിവേദനങ്ങളായി സമർപ്പിക്കാവുന്നതാണ്. ഒരു സംവിധാനത്തിൽ നിന്ന് തന്നെ ഒന്നിലധികം മേഖലകളെക്കുറിച്ചുള്ള നിവേദനം നൽകുന്നതിനും തടസ്സമില്ല. ഇതിൽ ഉൾപ്പെടാത്ത പോയിന്റുകൾ കൂട്ടിച്ചേർക്കാവുന്നതാണ്. എന്നാൽ വ്യത്യസ്ത അഭിപ്രായമുള്ള വിഷയങ്ങളിൽ

പരസ്പരവൈരുദ്ധ്യമുണ്ടാകാതിരിക്കാൻ സഭയുടെ പൊതുവായ നിലപാട് തന്നെ സ്വീകരിക്കേണ്ടതാണ്. സംശയങ്ങൾ ഉണ്ടെങ്കിൽ അവസാനം ചേർത്തിരിക്കുന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

രൂപതാ തലത്തിൽ നൽകുന്ന നിവേദനങ്ങളിൽ മാർഗരേഖപ്രകാരമുള്ള എല്ലാ മേഖലകളും പൂർണ്ണമായി ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കണം.

ഫൊറോന, ഇടവക, കുടുംബകൂട്ടായ്മ തലങ്ങളുടെ നിവേദനങ്ങളിൽ പൊതു വിഷയങ്ങളിൽ പ്രാദേശികമായ ഉദാഹരണങ്ങൾ കൂട്ടിച്ചേർക്കുന്നത് നല്ലതാണ്. കൂടാതെ തങ്ങൾ നേരിടുന്ന പ്രാദേശിക പ്രശ്നങ്ങളെക്കുറിച്ചും ക്രൈസ്തവ പിന്നാക്കാവസ്ഥയുടെ തെളിവുകൾ എന്ന നിലയിൽ സമർത്ഥിച്ചു കൊണ്ട് (ഉദാ. കുടിവെള്ളം,കൃഷിനാശം, വന്യമൃഗശല്യം, റോഡ് etc.) നിവേദനങ്ങൾ നൽകേണ്ടതാണ്. പ്രത്യേകം ശ്രദ്ധിക്കുക ഇത്തരം വിഷയങ്ങൾ ആ പ്രദേശത്തു താമസിക്കുന്ന എല്ലാവരുടെയും പൊതു പ്രശ്നങ്ങൾ ആണെങ്കിൽ കൂടി അവയെ ഏതെങ്കിലും വിധത്തിൽ ക്രൈസ്തവ പിന്നാക്കാവസ്ഥയ്ക്കു കാരണമാകുന്നു എന്ന രീതിയിൽ വേണം അവതരിപ്പിക്കേണ്ടത്. (ഉദാ. ക്രൈസ്തവ ഭൂരിപക്ഷ പ്രദേശം/പഞ്ചായത്ത് / വാർഡ് ആയ ..... എന്ന സ്ഥലത്ത് കുടിവെള്ളം / റോഡ് ഇല്ല. അതിനാൽ ന്യൂനപക്ഷങ്ങൾക്കായുള്ള പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഞങ്ങൾക്ക് കുടിവെള്ളം / റോഡ് ലഭ്യമാക്കണം.)

കൂടാതെ വ്യക്തികളുടെ ഭാഗത്തു നിന്നും പരമാവധി നിവേദനങ്ങൾ തങ്ങൾ നേരിടുന്ന വ്യക്തിഗത പ്രശ്നങ്ങളെക്കുറിച്ചും ഇതേ രീതിയിൽ ക്രിസ്ത്യൻ പിന്നാക്കാവസ്ഥ എന്നു സൂചിപ്പിച്ചു കൊണ്ട് നൽകേണ്ടതാണ്. (ഉദാ. ക്രിസ്ത്യാനികളുടെ പരമ്പരാഗത തൊഴിൽ എന്ന നിലയിൽ കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ച...... എന്ന എന്റെ കൃഷി വന്യമൃഗങ്ങൾ നശിപ്പിക്കുന്നു.) ഇ മെയിൽ ആയും തപാൽ മുഖേനയും ഇത്തരം പരാതികൾ സമർപ്പിക്കണം.കേസ് സ്റ്റഡി എന്ന നിലയിൽ വ്യക്തിപരമായി നേരിട്ട അനുഭവങ്ങളെക്കുറിച്ച് ഇപ്രകാരം പാരാതികൾ കമ്മീഷന് അയയ്ക്കുന്നത് വളരെ പ്രയോജനപ്രദമാണ്.നിവേദനം നൽകുന്ന വ്യക്തി /വ്യക്തികളുടെ പൂർണ്ണമായ അഡ്രസ്, ഫോൺ നമ്പർ, ഇ മെയിൽ എന്നിവ നിർബന്ധമായും ചേർക്കണം.

മുകളിൽ സൂചിപ്പിച്ചതു പോലെ ക്രൈസ്തവ ജനസാന്ദ്രതയുള്ള മേഖലകളിലെ പൊതു പ്രശ്നങ്ങൾ ക്രൈസ്തവ പ്രശ്നങ്ങളായി ചൂണ്ടിക്കാട്ടിയുള്ള പരാതികൾ നിർബന്ധമായും നൽകേണ്ടതാണ്. കൂടാതെ ഇത്തരം വിഷയങ്ങളെക്കുറിച്ച് സംഘടനകൾക്കും മറ്റും റിപ്പോർട്ടുകളും വീഡിയോ, ഇൻറർവ്യൂ തുടങ്ങിയവയും തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്. ഇവയെല്ലാം ക്രൈസ്തവ പിന്നാക്കാവസ്ഥയ്ക്കുള്ള കൃത്യമായ തെളിവുകൾ എന്ന നിലയിൽ വളരെ പ്രാധാന്യമുള്ളവയാണ്. ഇപ്രകാരമുള്ള പരാതികൾ വ്യക്തികളെക്കൊണ്ടും ഗ്രൂപ്പുകളെക്കൊണ്ടും സമർപ്പിക്കാനും റിപ്പോർട്ടുകൾ തയ്യാറാക്കാനും സഭാ സംഘടനകൾ മുൻകൈ എടുക്കേണ്ടതാണ്.

രാഷ്ട്രീയ സാമൂഹിക സംസ്കാരിക നിയമ മേഖലകളിൽ നിന്നുള്ള പ്രമുഖ വ്യക്തികൾ, പ്രമുഖ റിട്ട. ഉദ്യോഗസ്ഥർ, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവരെക്കൊണ്ടും പരാതികൾ സമർപ്പിക്കാൻ രൂപത തലങ്ങളിൽ നിന്ന് ശ്രദ്ധിക്കുന്നത് വളരെ പ്രയോജനപ്രദമായിരിക്കും.

വരുന്ന മാസങ്ങളിൽ ജെ ബി കോശി കമ്മീഷൻ നടത്താനിടയുള്ള ജില്ലാതല സിറ്റിംഗുകളിൽ കോളേജുകളിലെ വിവിധ ഡിപ്പാർട്ട്മെന്റുകളെക്കൊണ്ട് ക്രിസ്ത്യൻ പിന്നാക്കാവസ്ഥയുടെ വിവിധ മേഖലകളെക്കുറിച്ച് ശാസ്ത്രീയമായ റിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നതിന് സമയ ബന്ധിതമായി ക്രമീകരണങ്ങൾ ചെയ്യുന്നത് ഉചിതമായിരിക്കും.

3. രൂപതാ തലത്തിലും വിവിധ സംഘടന- ഡിപ്പാർട്ട്മെന്റ് തലത്തിലും സമർപ്പിക്കുന്ന നിവേദനങ്ങളുടെയും അനുബന്ധ രേഖകളുടെയും 3 പകർപ്പുകൾ തപാൽ മാർഗം താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയക്കണം.. കൂടാതെ ഇ മെയിൽ ആയും അയക്കാൻ ശ്രദ്ധിക്കണം.

അഡ്രസ്സ് :
സെക്രട്ടറി
ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ
രണ്ടാം നില
ഹൗസിങ് ബോർഡ് ബിൽഡിംഗ്
പനമ്പള്ളി നഗർ
കൊച്ചി -682036
E mail - christianminoritycommission@gmail.com

2021 മാർച്ച് 01 മുതൽ ബഹു. ജെ.ബി കോശി കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ജില്ലാ ആസ്ഥാനങ്ങളിലും ബഹു. കമ്മീഷൻ പരാതികൾ കേൾക്കുകയും തെളിവെടുപ്പ് നടത്തുകയും ചെയ്യുന്ന അവസരത്തിൽ ഓരോ വിഷയങ്ങളെയും അധികരിച്ച് നിവേദനങ്ങൾ സമർപ്പിക്കാൻ അവയുമായി ബന്ധപ്പെട്ട പ്രതിനിധികൾ ഹാജരാകേണ്ടതാണ്. പാലൊളി മുഹമ്മദ് കുട്ടി കമ്മറ്റി റിപ്പോർട്ട് വായിക്കുന്നത് നിവേദനങ്ങൾ തയ്യാറാക്കാൻ സഹായകമാകും. കൂടാതെ താഴെ കൊടുത്തിരിക്കുന്ന Terms of Reference എല്ലാവരും കൃത്യമായി വായിച്ചു മനസിലാക്കേണ്ടതാണ്.

എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഭാഗത്തു നിന്നും എല്ലാ സഹായവും ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം സഹായങ്ങൾക്കായി **6238214912** എന്ന മൊബൈൽ നമ്പറിൽ വിളക്കാവുന്നതാണ്.

കാക്കനാട്
പന്തക്കുസ്താതിരുന്നാൾ
23/05/2021

ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്
ചെയർമാൻ

# Terms of Reference

## കേരള സർക്കാർ

ആഭ്യന്തര വകുപ്പ് ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിച്ച ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി.കോശി അധ്യക്ഷനായ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

## ആഭ്യന്തര (ജി) വകുപ്പ്

G.O.(Ms) No.32/2021/HOME **തിരുവനന്തപുരം, 08/02/2021**

**പരാമർശം: 05/11/2020 തീയതിയിലെ സ.ഉ.(കൈ) നം. 214/2020 / ആഭ്യന്തരം**

## ഉത്തരവ്

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജസ്റ്റിസ് ജെ.ബി.കോശി (പട്ന ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ്) ചെയർമാനായും ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് ഐ.എ.എസ് (റിട്ടയേർഡ്), ശ്രീ ജേക്കബ് പുന്നൂസ് ഐ.പി.എസ് (റിട്ടയേർഡ്) അംഗങ്ങളായും ഒരു കമ്മീഷനെ -നിയമിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായതാണ്. കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ താഴെ പറയും പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.

**എ. വിദ്യാഭ്യാസം**

1. ന്യൂനപക്ഷമെന്ന നിലയിൽ വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുകയോ അനുഭവിക്കുകയോ ചെയ്യുന്ന പ്രശ്നങ്ങൾ ഏതൊക്കെ?

2. മറ്റു ന്യൂനപക്ഷങ്ങൾക്കു ലഭിക്കുന്നതോ സർക്കാർ നല്കുന്നതോ ആയ സഹായങ്ങളും ആനുകൂല്യങ്ങളും താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കു അവയെല്ലാം ന്യായമായ രീതിയിലും തോതിലും ലഭിക്കുന്നുണ്ടോ? ഏതെങ്കിലും തരത്തിലുള്ള പക്ഷപാതപരമായ വിവേചനം അവർ നേരിടുന്നുണ്ടോ?ഉണ്ടെങ്കിൽ അത് ഏതൊക്കെ രീതിയിൽ ? അത് എങ്ങനെ പരിഹരിക്കാം ?

3. വിദ്യാഭ്യാസ മേഖലയിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ എന്തെല്ലാം? ഉന്നത വിദ്യാഭ്യാസ മേഖലയിൽ അവർക്ക് അർഹമായ പ്രാതിനിധ്യം: ലഭിക്കുന്നുണ്ടോ? അവ എങ്ങനെ പരിഹരിക്കാം?

## ബി. സാമ്പത്തികം

1. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിൽ സാമ്പത്തികമായ പിന്നാക്കാവസ്ഥ നേരിടുന്നവരുണ്ടോ ? അവർ ഏതൊക്കെ വിഭാഗങ്ങളിൽ പെടുന്നവരാണ്? അവർ സാമൂഹിക പിന്നാക്കാവസ്ഥ നേരിടുന്നുണ്ടോ? അവരുടെ പിന്നാക്കാവസ്ഥ സംബന്ധിച്ച വിവരങ്ങൾ എന്തൊക്കെ ?

2. ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്ക് കൂടുതൽ കരുതലുകൾ ആവശ്യമുണ്ടോ?

3. സാമ്പത്തിക സാമൂഹിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി വിവിധ ഏജൻസികൾക്കോ .സർക്കാരിനോ എന്തെല്ലാം ചെയ്യാൻ കഴിയും? അടിയന്തരമായി ഏതൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്?

## സി. ക്ഷേമം

1. ക്രിസ്തുമതത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ, മലയോര കർഷകർ, വനാതിർത്തിയോടടുത്ത് താമസിക്കുന്ന കർഷകർ, കുട്ടനാട് മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന കർഷകർ, ആദിവാസികൾ, ദളിതർ, ലത്തീൻ തുടങ്ങിയവർക്ക് പ്രത്യേകമായ ക്ഷേമ പ്രവർത്തനങ്ങൾ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം?

2. ദളിത് വിഭാഗങ്ങളിൽ നിന്നും പിന്നാക്ക വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികൾ ആയവരുടെ അവസ്ഥ എന്താണ്? അവരുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിക്കും ?

3. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് സർക്കാർ - പൊതുമേഖലാ ഉദ്യോഗ തലങ്ങളിൽ ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ഉണ്ടോ? ഇല്ലെങ്കിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം? ഏതെല്ലാം മേഖലകളിൽ ഏതെല്ലാം രീതികളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ സർക്കാരിൽ നിന്ന് ക്ഷേമസംബന്ധമായ സഹായം അർഹിക്കുന്നു ?

മേൽപ്പറഞ്ഞ വിഷയങ്ങളിൽ എല്ലാ വിഭാഗങ്ങളുമായി ചർച്ച നടത്തി. എല്ലാ ജില്ലകളിലും കൂടുതൽ വിഷമങ്ങൾ അനുഭവിക്കുന്ന ക്രിസ്ത്യാനികൾ അധിവസിക്കുന്ന മേഖലകളിലും സന്ദർശിച്ചും വിവിധ മാർഗ്ഗങ്ങളിലൂടെയും പഠനം നടത്തിയും ഒരു വർഷത്തിനകം കമ്മീഷൻ സർക്കാരിന് വിശദമായ റിപ്പോർട്ടും നിർദ്ദേശങ്ങളും സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

TK JOSE
ADDITIONAL CHIEF SECRETARY

# നിവേദനങ്ങൾ

(മുകളിൽ കൊടുത്തിരിക്കുന്ന ആമുഖം, ടേംസ് ഓഫ് റഫറൻസ് എന്നിവ വായിച്ചതിനു ശേഷം മാത്രം താഴേക്ക് വായിച്ചു തുടങ്ങുക)

## A. ന്യൂനപക്ഷക്ഷേമം

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി. കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: സർക്കാരുകളുടെ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളിൽ കേരള ക്രൈസ്തവർ നേരിടുന്ന വിവേചനങ്ങൾ സംബന്ധിച്ച്:

ഇന്ത്യയിലെ ആറ് വിജ്ഞാപിത ന്യൂനപക്ഷ വിഭാഗങ്ങളിൽ ഒന്നാണ് ക്രൈസ്തവർ. ഇവർ ഇന്ത്യൻ ജനസംഖ്യയുടെ 2.3% വും കേരള ജനസംഖ്യയുടെ 18.38% വും വരുന്ന ചെറിയ ഒരു വിഭാഗമാണ്. ന്യൂനപക്ഷങ്ങൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധാരാളം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ടെങ്കിലും ക്രൈസ്തവർ അവയിൽ നിന്നെല്ലാം ബോധപൂർവം ഒഴിവാക്കപ്പെടുന്ന സാഹചര്യമാണ് ഉള്ളത്. ഇത് ക്രൈസ്തവരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ പിന്നാക്കാവസ്ഥ കൂടുതൽ രൂക്ഷമാക്കുന്നു. ഇവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബഹു. കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കുന്നു.

1. സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളിൽ ക്രൈസ്തവരോട് വളരെയധികം വിവേചനങ്ങൾ പുലർത്തി വരുന്നു. സച്ചാർ കമ്മീഷന്റെയും പാലൊളി മുഹമ്മദ് കുട്ടി കമ്മീഷൻെറയും റിപ്പോർട്ടുകൾ പ്രകാരമാണ് ഇപ്രകാരമുള്ള നടപടികൾ എന്ന് സർക്കാർ അവകാശപ്പെടുന്നു. എന്നാൽ ക്രൈസ്തവരെക്കുറിച്ചോ മറ്റ് ന്യൂനപക്ഷങ്ങളെക്കുറിച്ചോ പഠിക്കാതെ എല്ലാ ന്യുനപക്ഷങ്ങൾക്കും അർഹമായ സർക്കാർ പദ്ധതികളിലാണ് ഈ വിവേചനങ്ങൾ നടത്തപ്പെടുന്നത്. അതിനാൽ ഇവ പരിഹരിക്കാൻ നടപടികൾ ഉണ്ടാകണമെന്ന് ബഹു.കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെടണം .

2. ന്യൂനപക്ഷ ക്ഷേമ പദ്ധതികളിലും വിവിധ സ്കോളർഷിപ്പുകളിലും 10 വർഷത്തോളമായി നിലനിൽക്കുന്ന 80:20 (മുസ്ലിങ്ങൾക്ക് 80 % മറ്റ് മത ന്യൂനപക്ഷങ്ങൾക്ക് 20 %) എന്ന അനുപാതം തികഞ്ഞ അനീതിയാകയാൽ അത് ഒഴിവാക്കി തുല്യനീതി ഉറപ്പാക്കി കൊണ്ടുള്ള ഒരു അടിയന്തര ഉത്തരവ് പുറപ്പെടുവിക്കാൻ കമ്മീഷൻ സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്യണം. ഒരു പഠനവും കൂടാതെയാണ് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഈ അനുപാതം സ്വീകരിച്ചിട്ടുള്ളത് എന്ന് വിവരാവകാശ നിയമപ്രകാരം ലഭ്യമായിട്ടുണ്ട്. ഈ

വിവേചനം ഭരണഘടനയുടെ Article 14, 29,,30 എന്നിവയുടെ നഗ്നമായ ലംഘനമാണ്. കേന്ദ്ര സർക്കാർ നിലവിൽ 5029 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് ന്യൂനപക്ഷങ്ങൾക്കായി നൽകിവരുന്നത്. ഇത് നിലനിൽപ്പ് അപകടത്തിൽ ആയിക്കൊണ്ടിരിക്കുന്ന സമൂഹങ്ങളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയാണ്. ഇതിന്റെ കീഴിൽ വരുന്നത് മുസ്ലിം, ക്രിസ്ത്യൻ, ബുദ്ധ, ജൈന, സിഖ്, പാഴ്സി എന്നീ 6 വിഭാഗങ്ങളാണ്. കേന്ദ്രസർക്കാർ നൽകുന്ന ആനുകൂല്യങ്ങളുടെ നടത്തിപ്പ് സംസ്ഥാന സർക്കാരിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതുകൂടാതെ സംസ്ഥാനസർക്കാരിന് മറ്റു ഫണ്ടുകളും ഉണ്ട്. കേരളത്തിൽ ഈ ആനുകൂല്യങ്ങൾ മുസ്ലിം സമുദായത്തിനു മാത്രം 80% വും ക്രിസ്ത്യൻ ഉൾപ്പെടെയുള്ള ബാക്കി അഞ്ച് വിഭാഗങ്ങൾക്കും കൂടി 20% വും എന്ന അനുപാതത്തിലാണ് വീതിച്ചു കൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരോ മറ്റ് സംസ്ഥാന സർക്കാരുകളോ സ്വീകരിച്ചിട്ടില്ലാത്ത അനീതിപരമായ ഈ അനുപാതം അടിയന്തരമായി തിരുത്താൻ ബഹു. കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെടണം.

3. 2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ ജനസംഖ്യയുടെ 26.56% മുസ്ലിങ്ങളും 18.38% ക്രിസ്ത്യാനികളും ആണ് ഉള്ളത് . ജനസംഖ്യാപരമായ പ്രാതിനിധ്യം പോലും പരിഗണിക്കാതെ ആനുകൂല്യങ്ങൾ ഏകപക്ഷീയമായി മുസ്ലിം സമുദായത്തിനു തന്നെ നൽകിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ക്രിസ്ത്യൻ സമുദായത്തിനും മറ്റ് സമുദായങ്ങൾക്കുമാണ് ഇതിൽ കൂടുതൽ അർഹതയുള്ളത്. കാരണം ജനസംഖ്യാനുപാതത്തിൽ കുറവ് സംഭവിച്ച് നിലനിൽപ്പ് അപകടത്തിൽ ആയി കൊണ്ടിരിക്കുന്നത് കേരള ക്രൈസ്തവ സമൂഹവും മറ്റ് ന്യൂനപക്ഷ സമൂഹങ്ങളുമാണ്. എന്നാൽ ന്യുനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള പല പദ്ധതികളുടെയും സ്ഥാപനങ്ങളുടെയും ഗുണഭോക്താക്കൾ മുസ്ലിം വിഭാഗം മാത്രമാണ്. കൂടുതൽ ആനുകൂല്യങ്ങൾ ഒന്നും ലഭിച്ചില്ലെങ്കിൽ പോലും തുല്യനീതി ഇക്കാര്യത്തിൽ നടപ്പാക്കാൻ ജനാധിപത്യ സർക്കാരിന് ബാധ്യതയുണ്ട്. **സംസ്ഥാനത്ത് മുസ്ലിം വിഭാഗത്തിന്റെ ക്ഷേമത്തിനായി ചിലവഴിക്കപ്പെടുന്ന അത്രയും തുക മുസ്ലിം ഇതര ന്യുനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകയിരുത്തി ചെലവഴിക്കുന്നതിനുള്ള ശിപാർശ ബഹു. കമ്മീഷൻ സർക്കാരിനു നൽകണം.**

4. സംസ്ഥാനത്ത് ക്രൈസ്തവർ ഉൾപ്പെടെ ആറ് വിജ്ഞാപിത മത ന്യുനപക്ഷങ്ങളാണ് ഉള്ളത്. ഇവ ഭരണഘടനാപരമായ സംരക്ഷണം നിലനിൽക്കുന്ന വിഭാഗങ്ങളാണ്. ന്യുനപക്ഷങ്ങൾ എന്ന നിലയിൽ എല്ലാ വിഭാഗങ്ങൾക്കും തുല്യ പ്രാധാന്യമാണ് ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത്. കേരളത്തിൽ എല്ലാ വിഭാഗം മുസ്ലിങ്ങളും ഒ ബി സി സംവരണത്തിന്റെ പരിധിയിൽ വരുന്നുണ്ട്. പിന്നാക്ക ക്ഷേമ വകുപ്പിന് കീഴിലുള്ള ആനുകൂല്യങ്ങൾ എല്ലാ വിഭാഗം മുസ്ലിങ്ങൾക്കും ലഭിക്കുന്നുമുണ്ട്. എന്നാൽ മുസ്ലിമേതര ന്യുനപക്ഷങ്ങൾക്ക് ഈ രീതിയിൽ മതത്തിന് ആകെയുള്ള ഒ ബി സി പദവിയില്ല. ഇത്തരത്തിൽ സംവരണതത്വം മുൻനിർത്തി ഇതര ന്യുനപക്ഷ വിഭാഗങ്ങൾക്ക് ന്യുനപക്ഷ ക്ഷേമ പദ്ധതികളിൽ അവകാശമില്ല എന്ന തെറ്റായ സിദ്ധാന്തമാണ് ക്രൈസ്തവർ ഉൾപ്പെടെ നേരിടുന്ന വിവേചനത്തിന് ആധാരമായിരിക്കുന്നത്. ദേശീയ ന്യുനപക്ഷ കമ്മീഷൻ ആക്ട് പ്രകാരമുള്ള വിജ്ഞാപിത ന്യുനപക്ഷങ്ങളെ അതിനുള്ളിൽ (within the status of Minority )

മുന്നാക്കം (ജനറൽ ), പിന്നാക്കം (ഒ ബി സി ) എന്ന തരത്തിൽ സംവരണ തത്വങ്ങളുടെ അടിസ്ഥാനത്തിൽ വേർതിരിക്കുന്ന സംസ്ഥാന ന്യുനപക്ഷ ക്ഷേമ വകുപ്പിന്റെ നടപടി ഭരണഘടനാ വിരുദ്ധമാണ്. കേന്ദ്ര ന്യുനപക്ഷ ക്ഷേമ വകുപ്പിന് ഈ തെറ്റായ നയമില്ല. **കേരളത്തിൽ ന്യുനപക്ഷ തത്വങ്ങളെ സംവരണതത്വങ്ങൾ ഉപയോഗിച്ച് തമസ്കരിക്കുന്ന ഈ തെറ്റായ നയം തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബഹു.കമ്മീഷൻ സംസ്ഥാന സർക്കാരിന് ശിപാർശ സമർപ്പിക്കണം**.

5. ന്യുനപക്ഷ ക്ഷേമ വകുപ്പും ഡയറക്ട്രേറ്റും രൂപീകരിച്ച് പത്തു വർഷങ്ങൾ കഴിഞ്ഞിട്ടും വകുപ്പിന്റെ റൂൾസ് രൂപീകരണം നടത്തിയിട്ടില്ല എന്നത് ഗുരുതരമായ പ്രശ്നമാണ്. സുതാര്യതയും ക്രമവും ഉറപ്പു വരുത്തുന്നതിനായി ന്യുനപക്ഷ ക്ഷേമ വകുപ്പിന്റെ റൂൾസ് രൂപീകരണം അടിയന്തിരമായി നടത്തുന്നതിന് ബഹു.കമ്മീഷൻ സംസ്ഥാന സർക്കാരിന് ശിപാർശ നൽകണം.

6. കേരള സംസ്ഥാന ന്യുനപക്ഷ കമ്മീഷൻ ആക്ട് 2014 വകുപ്പ് 9(k) പ്രകാരം 'to take necessary steps to ensure the representation of minorities proportionate to their population in various employment projects and social development projects 'എന്നത് കമ്മീഷന്റെ ചുമതലയും അധികാരവുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ന്യുനപക്ഷ ക്ഷേമ വകുപ്പിന്റെ 80:20 അനുപാതം ഉൾപ്പെടെയുള്ള അനീതിക്കെതിരെ വിവിധ സംഘടനകളും വ്യക്തികളും സംസ്ഥാന ന്യുനപക്ഷ കമ്മീഷനിൽ ഒട്ടനവധി പരാതി സമർപ്പിച്ചിട്ടും കമ്മീഷന്റെ ഭാഗത്തു നിന്ന് യാതൊരു വിധ നടപടിയും ഉണ്ടായില്ല. ഇത് പ്രകടമായ അനീതിയും സ്വജന പക്ഷപാതവുമാണ്. ഇത്തരം ഗുരുതമായ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിന് ബഹു.കമ്മീഷൻ സംസ്ഥാന സർക്കാരിന് ശിപാർശ നൽകണം.

7. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെയും വകുപ്പിന്റെ കീഴിലുള്ള ന്യൂനപക്ഷ കമ്മീഷൻ, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ന്യൂനപക്ഷക്ഷേമ സമിതികൾ, തുടങ്ങിയവയുടെ ഭരണനിർവ്വഹണത്തിൽ ക്രൈസ്തവർക്ക് തുല്യ പ്രാധാന്യം നൽകണം.
ഇവിടങ്ങളിൽ വളരെ കുറഞ്ഞ പ്രാതിനിധ്യം മാത്രമാണ് ക്രൈസ്തവർക്ക് ഉള്ളത്. വകുപ്പു മന്ത്രി സാധാരണയായി മുസ്ലിം സമുദായത്തിൽ നിന്നു മാത്രമാണ് ഈ പ്രാവശ്യമൊഴികെ നിയോഗിക്കപ്പെട്ടിട്ടുള്ളത്. ന്യൂനപക്ഷ കമീഷനിൽ ഒരംഗമാണ് ക്രൈസ്തവരുടെ ഭാഗത്തു നിന്നുമുള്ളത്. നിലവിലെ മൂന്നംഗ ന്യുനപക്ഷ കമ്മീഷനിൽ മുസ്ലിം വിഭാഗത്തിൽ നിന്ന് തന്നെ 2 അംഗങ്ങളെ നിയമിച്ചിരിക്കുന്നു. കമ്മീഷൻ പക്ഷപാതപരമായാണ് പെരുമാറുന്നത്. കമ്മീഷൻ ചെയർമാൻ സ്ഥാനം ഒരിക്കലും ക്രൈസ്തവർക്ക് ലഭിച്ചിട്ടില്ല. ഇത് രണ്ടു വിഭാഗങ്ങൾക്കുമായി തവണ വവസ്ഥയിൽ നൽകാൻ സർക്കാരിനോട് കമ്മീഷൻ ശുപാർശ ചെയ്യണം. കൂടാതെ ദേശീയ ന്യൂനപക്ഷ കമ്മിഷന്റെ മാതൃകയിൽ എല്ലാ വിജ്ഞാപിത ന്യൂനപക്ഷങ്ങളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി കമ്മീഷൻ അംഗങ്ങളുടെ എണ്ണം 6 ആയി ഉയർത്തിക്കൊണ്ട് സംസ്ഥാന ന്യുനപക്ഷ കമ്മീഷൻ ആക്ട് ഭേദഗതി ചെയ്യുന്നതിനും ശിപാർശ നൽകണം.

8. ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലും 80:20 അനുപാതമാണ് സ്വീകരിച്ചിരിക്കുന്നത്. ഇത് ഒഴിവാക്കണം. ക്രൈസ്തവർ കൂടുതൽ ഉള്ള കോട്ടയം, ഇടുക്കി,

തൃശൂർ ജില്ലകളിൽ കോർപറേഷന്റെ റീജിയണൽ ഓഫീസുകൾ അനുവദിക്കുന്നതിനും ശിപാർശ നൽകണം.

9. പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം ഉൾപ്പെടെയുള്ള പദ്ധതികളുടെ നിർവഹണത്തിനായി ജില്ലകൾ തോറും രൂപീകരിച്ചിട്ടുള്ള ന്യൂനപക്ഷ ക്ഷേമ സമിതികളിൽ ആകെയുള്ള 39 അംഗങ്ങളിൽ 7 പേർ മാത്രമാണ് ക്രൈസ്തവർ. തുല്യനീതി ഇല്ലെന്നു മാത്രമല്ല ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം പോലും ഇല്ല. ഈ അവസ്ഥ പരിഹരിക്കാൻ ബഹു. കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെടണം.

10. ക്രൈസ്തവർക്കായി പ്രത്യേക ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.
മുസ്ലിം സമുദായത്തിനായി ധാരാളം ക്ഷേമപദ്ധതികൾ ന്യൂനപക്ഷക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മദ്രസാധ്യാപകർക്കും ജീവനക്കാർക്കും പെൻഷൻ, അവർക്കും അവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ -വിവാഹ ആനുകൂല്യങ്ങൾ, ഭവന വായ്പ തുടങ്ങി നിരവധിയായ ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും ക്ഷേമ നിധി ബോർഡും നിലവിലുണ്ട്. എന്നാൽ ക്രൈസ്തവർക്കായി ഇത്തരം യാതൊരു പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. വൈദികർക്കും സന്യസ്തർക്കും പള്ളികളിലെ കപ്യായാർ, കണക്കൻ തുടങ്ങിയ ജീവനക്കാർക്കും വേണ്ടി ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാരിനോട് ശിപാർശ ചെയ്യണം. ഇവയുടെ നടത്തിപ്പിനായി ക്രിസ്ത്യൻ ന്യുനപക്ഷ ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിന് ശിപാർശ നൽകണം.

11. പിഎസ് സി, യു പി എസ് സി, ബാങ്കിങ് തുടങ്ങിയ മത്സര പരീക്ഷകളുടെ പരിശീലനത്തിനായി ക്രൈസ്തവർക്കും പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും അനുവദിച്ചു നൽകണം.
കേരളത്തിൽ മുസ്‌ലിം സമുദായത്തിന് മാത്രമായി പി എസ് സി, ബാങ്ക് കോച്ചിംഗ് തുടങ്ങിയ മത്സര പരീക്ഷാ പരിശീലനത്തിനും തൊഴിൽ പരിശീലനത്തിനുമായി 17 കേന്ദ്രങ്ങളും 20 ഉപകേന്ദ്രങ്ങൾ നിലവിൽ ഉണ്ടായിരിക്കെ തന്നെ ആഗസ്റ്റ് 2019 ആദ്യവാരം മട്ടാഞ്ചേരിയിൽ പുതിയ ഒരു കേന്ദ്രം കൂടി ആരംഭിച്ചിരിക്കുകയാണ്. അതേസമയം ക്രൈസ്തവ സഭകൾ സമർപ്പിക്കുന്ന അപേക്ഷകൾ 'ഈ അപേക്ഷ സർക്കാർ നിലവിൽ പരിഗണിക്കുന്നതല്ല' എന്ന ഒറ്റവരി കുറിപ്പിലൂടെ ന്യൂനപക്ഷ വകുപ്പ് നിഷ്കരുണം തള്ളുകയാണ് ഉണ്ടായിട്ടുള്ളത്. ഫലമോ ക്രിസ്ത്യൻ യുവജനത തൊഴിൽ രഹിതരും പ്രവാസികളുമായി മാറുന്നു. ഈ കേന്ദ്രങ്ങളിൽ 20% സീറ്റുകൾ മറ്റ് ന്യൂനപക്ഷങ്ങൾക്കായി നീക്കിവച്ചിട്ടുണ്ടെങ്കിലും മോസ്കുകളോടൊക്കെ അനുബന്ധിച്ചുള്ള കെട്ടിടങ്ങളിൽ ചെന്ന് പഠിക്കുക പ്രായോഗികമല്ല. കൂടാതെ ഇവിടെ നിലവിലുള്ള 80:20 അനുപാതം ക്രൈസ്തവർക്ക് ഇത്തരം സ്ഥാപനങ്ങളിൽ ചേരുന്നത് ദുഷ്കരമാക്കുന്നു. അതിനാൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഇപ്രകാരം ക്രൈസ്തവർക്കായി പ്രത്യേക പരിശീലന കേന്ദ്രങ്ങൾ അനുവദിക്കണം

12. പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ക്രൈസ്തവർക്കും ക്രൈസ്തവ മേഖലകൾക്കും തുല്യ പരിഗണന നൽകണം.

ഇത് കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള പദ്ധതിയാണ്. എന്നാൽ ഇതിന്റെ നടത്തിപ്പു ചുമതല സംസ്ഥാന സർക്കാരുകൾക്ക് ആണ്. 20 % ത്തിൽ അധികം ന്യൂനപക്ഷങ്ങൾ ഉള്ള ജില്ലകളെയാണ് ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകൾ എന്ന് വിളിക്കുന്നത്. ഇത്തരം ജില്ലകൾ തെരഞ്ഞെടുത്ത് പ്രത്യേകമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ന്യൂനപക്ഷ വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിലെ ചില പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് അവിടെ അടിസ്ഥാന വികസന സൗകര്യങ്ങളും ജനക്ഷേമ പദ്ധതികളും ഇതുവഴി നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ പോലും ക്രൈസ്തവർക്ക് യാതൊരു പ്രാധാന്യവും ലഭിച്ചിട്ടില്ല എന്നുള്ളത് ദുഃഖകരമായ വസ്തുതയാണ്. ഉദാഹരത്തിന് 43.48% ക്രിസ്ത്യാനികൾ ഉള്ള കോട്ടയം ജില്ലയിൽ ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത് മുസ്ലിങ്ങൾ കൂടുതലുള്ള ഈരാറ്റുപേട്ട മുൻസിപ്പാലിറ്റി മാത്രമാണ്. (പ്രാദേശിക വിവരങ്ങൾ ചേർക്കുക)

13. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു കൊണ്ടുള്ള ആക്ടിൽ ക്രൈസ്തവരെ ഒഴിവാക്കാൻ വേണ്ടി എന്നു സംശയിക്കത്തക്ക മാറ്റങ്ങൾ വരുത്തിയത് അസാധുവാക്കി പഴയ നില പുനസ്ഥാപിക്കണം.

കേരളത്തിൽ ന്യൂനപക്ഷ കമ്മീഷൻ സ്ഥാപിച്ചുകൊണ്ട് ഉള്ള ന്യൂനപക്ഷ കമ്മീഷൻ ആക്ട് 2014 ന്റെ Section3, subsection2, clause B പ്രകാരമുള്ള **'ഒരു ന്യൂനപക്ഷ സമുദായ അംഗം ചെയർമാനായും മറ്റൊരു ന്യൂനപക്ഷ സമുദായാംഗം അംഗമായും ഒരു ന്യൂനപക്ഷ സമുദായത്തിൽ നിന്നുള്ള സ്ത്രീ, വനിതാ അംഗമായും കമ്മീഷൻ രൂപീകരിക്കണം' എന്ന വ്യവസ്ഥ അട്ടിമറിച്ചുകൊണ്ട് 'മറ്റൊരു' എന്നത് 'ഒരു, എന്നാക്കി 2017 ൽ ഭേദഗതി ചെയ്തു**. സർക്കാർ നടത്തിയ ഈ തിരുത്തൽ മൂലം ഭാവിയിൽ ന്യൂനപക്ഷ കമ്മീഷനിലെ അംഗങ്ങൾ എല്ലാം ന്യൂനപക്ഷങ്ങളിലെ ഭൂരിപക്ഷ സമുദായത്തിൽ നിന്ന് മാത്രമായി നിയമിക്കപ്പെടുന്ന സാഹചര്യമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സിവിൽ കോടതിക്കു സമാനമായ അധികാരത്തോടെ ന്യൂനപക്ഷ വിഭാഗങ്ങൾക്കു സംരക്ഷണവും നീതിയും ഉറപ്പാക്കാൻ സ്ഥാപിതമായ ന്യൂനപക്ഷ കമ്മീഷനിൽ ക്രിസ്ത്യൻ പങ്കാളിത്തം കുറയ്ക്കാനും അപ്രസക്തമാക്കാനുംവേണ്ടി ആസൂത്രിതമായി നടത്തിയ ഈ ഭേദഗതി പിൻവലിക്കാൻ ബഹു. കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യണം.

14. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികളും ആനുകൂല്യങ്ങളും പ്രഖ്യാപിക്കുന്ന മുറയ്ക്ക് കൃത്യമായി ക്രൈസ്തവരെ കൂടി അറിയിക്കുവാൻ ഉള്ള സംവിധാനം ഉണ്ടാകണം. ന്യൂനപക്ഷ ക്ഷേമ വകുപ്പ് പ്രഖ്യാപിക്കുന്ന പദ്ധതികൾ പലപ്പോഴും കൃത്യമായി വെബ്സൈറ്റുകളിൽ അപ്ഡേറ്റ് ചെയ്യപ്പെടുകയോ വിജ്ഞാപനങ്ങൾ പരസ്യമാക്കപ്പെടുകയോ ചെയ്യുന്നില്ല എന്ന് പരാതികൾ ഉണ്ട്. അതോടൊപ്പം ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെയും ഇതര സർക്കാർ വകുപ്പുകളുടെയും അറിയിപ്പുകൾ എല്ലാ മുസ്ലീങ്ങളിലും എത്തിക്കാൻ സർക്കാർ ടാറ്റയുടെ സഹകരണത്തോടെ **മഹൽ സോഫ്റ്റ്** എന്ന സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് സർക്കാർ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം ലഭിക്കും. എന്നാൽ ക്രൈസ്തവർക്കായി

ഇപ്രകാരം ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല. മഹൽ സോഫ്റ്റ് പോലെയുള്ള ക്രമീകരണം ക്രൈസ്തവർക്കും ചെയ്തു തരാൻ ബഹു. കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യണം.

15. മുസ്ലിം സമുദായത്തിന് മദ്രസകൾ എന്നതുപോലെ ക്രൈസ്തവരുടെ മതപഠനത്തെയും വിശ്വാസത്തെയും പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ രൂപീകരിക്കണം.

ഇസ്ലാമിക മത പഠനത്തെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി സർക്കാർ ധാരാളം പണം ചെലവഴിക്കുന്നുണ്ട്. മദ്രസകളുടെ നിർമ്മാണത്തിനും മദ്രസാ അധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളത്തിനും പെൻഷനും ക്ഷേമനിധിക്കും ആയി ധാരാളം തുക ചെലവഴിക്കുന്നു. എന്നാൽ ക്രൈസ്തവരുടെ മതപഠനത്തെ പ്രോത്സാഹിപ്പിക്കുവാൻ യാതൊരു കാര്യവും ചെയ്യുന്നില്ല . ഇതുകൂടാതെ കേരളത്തിലെ സർവ്വകലാശാലകളിൽ ഇസ്ലാമിക് സ്റ്റഡീസിനും അറബിഭാഷാ പഠനത്തിനും വേണ്ടി പ്രത്യേക വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട് .എന്നാൽ ക്രൈസ്തവർക്ക് വേണ്ടി ഇപ്രകാരം യാതൊന്നും ചെയ്തിട്ടില്ല. സ്കൂൾ-കോളേജ് തലങ്ങളിൽ സുറിയാനി - ലത്തീൻ ഭാഷകൾ ന്യൂനപക്ഷാവകാശത്തിന്റെ ഭാഗമായി പഠിപ്പിക്കാനും കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ ക്രിസ്ത്യൻ ചെയർ പോലെ എല്ലാ സർവ്വകലാശാലകളിലും ക്രൈസ്തവ പഠനങ്ങൾക്ക് പ്രത്യേക വിഭാഗങ്ങൾ ആരംഭിക്കാനും ബഹു. കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യണം .

16. ക്രൈസ്തവർ ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നൽകുന്ന അപേക്ഷകൾ തിരസ്കരിക്കപ്പെടുന്നു.

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെയും അതിന്റെ കീഴിലുള്ള സംവിധാനങ്ങളുടെയും ഭരണനിർവഹണത്തിൽ ക്രൈസ്തവർക്ക് കാര്യമായ പങ്കൊന്നും ഇല്ലാത്തതിനാൽ പലപ്പോഴും ക്രൈസ്തവർ ആനുകൂല്യങ്ങൾക്കും സ്കോളർഷിപ്പുകൾക്കും ഒക്കെയായി സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവും കൂടാതെ തിരസ് കരിക്കപ്പെടുയാണ് ഉണ്ടാകുന്നത്. 80:20 എന്ന അനീതിപരമായ അനുപാതം നിലവിൽ ഉണ്ടെങ്കിലും ആ അനുപാതത്തിൽ പോലും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നതാണ് വാസ്തവം. ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷനിൽ നിന്ന് വിദ്യാഭ്യാസം, സ്വയംതൊഴിൽ എന്നിവയ്ക്കായി കുറഞ്ഞ പലിശയ്ക്ക് ലഭിക്കേണ്ട ലോണുകൾ ക്രൈസ്തവർക്ക് ലഭിക്കുന്നില്ല. ഇത് ക്രൈസ്തവ സമൂഹത്തിൽ നിന്ന് നിരന്തരം ഉണ്ടാകുന്ന പരാതിയാണ്. ഇതിനെക്കുറിച്ച് വ്യക്തമായി അന്വേഷിച്ച് നടപടി സ്വീകരിക്കാൻ ബഹു. കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യണം.

17. ബിരുദധാരികൾക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് മുസ്ലിം, ലാറ്റിൻ, പരിവർത്തിത ക്രിസ്ത്യൻ എന്നീ ഒ ബി സി വിഭാഗങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. എല്ലാ ന്യൂനപക്ഷങ്ങൾക്കും വേണ്ടി പ്രവർത്തിക്കേണ്ട വകുപ്പ് പിന്നാക്ക, മുന്നാക്ക എന്ന വിഭജനം ന്യൂനപക്ഷങ്ങൾക്കിടയിൽ നടത്തുന്നത് ഉചിതമല്ല. എല്ലാ ന്യൂനപക്ഷ പദ്ധതികളും മെരിറ്റും സാമ്പത്തിക നിലവാരവും മാത്രം മാനദണ്ഡമാക്കി നൽകുവാൻ വകുപ്പിനോട് ബഹു. കമ്മീഷൻ ശിപാർശ ചെയ്യണം .

18. ന്യൂനപക്ഷ നഴ്സിംഗ് വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന മദർ തെരേസ സ്കോളർഷിപ്പ് ഡിപ്ലോമ, പാരാമെഡിക്കൽ കോഴ്സുകൾക്കു മാത്രമാണ് നൽകുന്നത്. ഇതിൽ നിന്ന് നഴ്സിംഗ് ഡിഗ്രി (ബിഎസ്സി നഴ്സിംഗ്) വിദ്യാർത്ഥികളെ ഒഴിവാക്കിയത് തികഞ്ഞ അനീതിയാണ്. അവർക്കായി മറ്റ് പദ്ധതികളൊന്നും തയാറാക്കിയിട്ടുമില്ല. ഈ പദ്ധതിയിൽ അവരെ കൂടി ഉൾപ്പെടുത്താൻ ബഹു. കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യണം .

19. കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളായ കർണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ സർക്കാരുകൾ ക്രൈസ്തവ ന്യൂനപക്ഷങ്ങളോട് നീതി പുലർത്തുകയും അവർക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഈ സംസ്ഥാനങ്ങളുടെ മാതൃകകൾ ഉൾക്കൊണ്ട് കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ പുന:ക്രമീകരിക്കാൻ ബഹു. കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യണം.

20. സ്കൂൾ തലം മുതൽ പ്രൊഫഷണൽ-ഉന്നത വിദ്യാഭ്യാസ തലം വരെയുള്ള ക്രിസ്ത്യൻ വിദ്യാർത്ഥികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംസ്ഥാന ന്യുനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രത്യേക സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിന് ശുപാർശ നൽകണം.

21. സംവരണേതര വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ക്രൈസ്തവർക്ക് EWS സർട്ടിഫിക്കേറ്റിന് അർഹതയുണ്ടായിട്ടും ലഭിക്കാതെ വരുന്ന സാഹചര്യങ്ങൾ നിരവധിയാണ്. ഇത്തരം പരാതികളെക്കുറിച്ച് വ്യക്തമായി അന്വേഷിച്ച് നടപടി സ്വീകരിക്കാൻ ബഹു. കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യണം.

കേരളത്തിലെ ക്രൈസ്തവ സമൂഹം നിലനിൽപ്പിന്റെ ഭീഷണികളെ നേരിട്ടു കൊണ്ടിരിക്കുകയാണ്. ജനസംഖ്യ അപകടകരമായ വിധം കുറഞ്ഞു കൊണ്ടിരിക്കുന്നു. യുവജനങ്ങൾ പ്രവാസികളായി മാറുന്നു. ഭാരതീയവും പൗരസ്ത്യവുമായ ഈ ക്രൈസ്തവ സമൂഹത്തെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം ഇവിടുത്തെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് കൃത്യമായി നിർവഹിക്കേണ്ടതുണ്ട്. അതിനാൽ മുകളിൽ പ്രസ്താവിച്ചിരിക്കുന്ന പ്രശ്നങ്ങൾ ബഹു. .കമ്മീഷൻ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും പരിഹാരങ്ങൾ ശിപാർശ ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

# B. സംവരണം

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി. കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: സാമ്പത്തിക സംവരണവും ഇതര സംവരണങ്ങളും സംബന്ധിച്ച്:

വിദ്യാഭ്യാസവും മറ്റുയോഗ്യതകളും ഉണ്ടായിരുന്നിട്ടു കൂടി വളരെയധികം ക്രൈസ്തവർക്ക് കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസുകൾ അപ്രാപ്യമായിരിക്കുന്നു. അനേകം പേർ തൊഴിൽ രഹിതരായി അലയുകയും ചെയ്യുന്നു. കേന്ദ്ര ന്യൂനപക്ഷ ക്ഷേമ വകുപ്പ് 2019 ൽ പാർലമെന്റിൽ വച്ച റിപ്പോർട്ട് പ്രകാരം (കേന്ദ്ര സർക്കാരിന്റെ NSSO Periodic Labour Force Survey (PLFS) 2017-18 റിപ്പോർട്ട്) ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിൽ രഹിതരുള്ളത് ക്രൈസ്തവരുടെ ഇടയാലാണ്. ഇതിന് ഒരു പ്രധാന കാരണം സംവരണം ഇല്ലായ്മയാണ്. കേരളത്തിൽ മറ്റ് മതവിഭാഗങ്ങൾക്ക് വലിയ അളവിൽ സംവരണം ഉള്ളപ്പോൾ ക്രൈസ്തവരിൽ 74% പേരും സംവരണത്തിനു പുറത്താണ്. EWS സംവരണം മൂലം ഈ അവസ്ഥ കുറയെങ്കിലും പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും മാനദണ്ഡങ്ങളിലെ അശാസ്ത്രീയത മൂലവും ഉദ്യോഗസ്ഥരുടെ നിസഹകരണം മൂലവും അർഹരായ പലർക്കും EWS സർട്ടിഫിക്കറ്റുകൾ നിഷേധിക്കപ്പെടുകയാണ്. ഈ സാഹചര്യത്തിൽ ക്രൈസ്തവരുടെ വിദ്യാഭ്യാസ-സാമ്പത്തിക പിന്നാക്കാവസ്ഥയ്ക്ക് ഒരു പ്രായോഗിക പരിഹാരമായ സംവരണത്തിൽ ഉള്ള വിവിധ പ്രശ്നങ്ങളെ ബഹു. കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സംവരണേതര വിഭാഗങ്ങളിൽ ഉൾപ്പെടുന്ന മലയോര കർഷക കുടുംബങ്ങളിലെയും മറ്റ് ഉൾപ്രദേശങ്ങളിലെയും വ്യക്തികൾക്ക് EWS സംവരണത്തിന്റെ പ്രയോജനം ലഭിക്കുന്നില്ല. സംസ്ഥാന മാനദണ്ഡ പ്രകാരമുള്ള 2.5 ഏക്കർ എന്ന ഭൂ പരിധി മൂലം താഴ്ന്ന വരുമാനക്കാരായ കർഷകർക്ക് ഭൂമി ഉണ്ടെന്ന ഒറ്റ കാരണത്താൽ സംവരണം നഷ്ടമാകുന്നു. കാർഷിക വരുമാനം മാത്രമുള്ള കുടുംബങ്ങളുടെ ഉയർന്ന ഭൂപരിധി 5 ഏക്കർ എങ്കിലും ആയി പുനർനിർണയിക്കണം. മലയോര പ്രദേശങ്ങളിലെയും ഉൾനാടുകളിലെയും ഭൂ പരിധി മറ്റു പ്രദേശങ്ങളിലെ ഭൂ പരിധിയിൽ നിന്നു ഉയർത്തി നിശ്ചയിക്കാൻ ബഹു. കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യണം .

2. .കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ചുള്ള EWS സർട്ടിഫിക്കറ്റ് കേരളത്തിൽ ഉള്ളവർക്ക് വളരെ ചുരുക്കമായി മാത്രമാണ് ലഭ്യമാകുന്നത്. കേന്ദ്ര മാനദണ്ഡപ്രകാരം കൃഷിഭൂമി 5 ഏക്കർ വരെ ആകാമെങ്കിലും പഞ്ചായത്തുകളിൽ ഹൗസ് പ്ലോട്ട് 4 സെന്റ് വരെയേ പാടുള്ളൂ. ഇത് വടക്കേയിന്ത്യയിലെ ജീവിത പശ്ചാത്തല പ്രകാരം ഉണ്ടാക്കിയിരിക്കുന്ന നിയമമാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി കേരളത്തിൽ വീടുകൾ കൃഷിയിടങ്ങളിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ ഹൗസ് പ്ലോട്ടും കൃഷിഭൂമിയും തമ്മിലുള്ള വേർതിരിവ് അപ്രായോഗികമാണ്. കൂടാതെ കേരളത്തിൽ, പുരയിടം എന്ന് ആധാരത്തിൽ രേഖപെടുത്തിയിരിക്കുന്ന സ്ഥലം മുഴുവനും ഹൗസ് പ്ലോട്ടായി കണക്കാക്കുകയാണ്. എന്നാൽ ഇവ കൃഷി ഭൂമിയാണ് എന്ന യാഥാർത്ഥ്യം അംഗീകരിക്കാൻ പല റവന്യൂ ഉദ്യോഗസ്ഥരും തയാറാകുന്നില്ല. തൻമൂലം 5 സെന്റ് മുതൽ കൃഷിഭൂമിയുള്ള ആർക്കും കേന്ദ്ര മാനദണ്ഡപ്രകാരമുള്ള EWS സർട്ടിഫിക്കറ്റ് ലഭിക്കാതെ വരുന്നു. അതേ സമയം ഫ്ലാറ്റിൽ താമസിക്കുന്ന 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള നഗര വാസികൾക്ക് കേന്ദ്ര മാനദണ്ഡപ്രകാരമുള്ള EWS സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്യുന്നു. കൂടാതെ കേന്ദ്ര മാനദണ്ഡത്തിൽ വീടിന്റെ അളവ് 1000 സ്വയർ ഫീറ്റിൽ താഴെ മാത്രമേ പാടുള്ളൂ എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇതും വടക്കേ ഇന്ത്യയിലെ

സാഹചര്യത്തിൽ രൂപപ്പെടുത്തായിരിക്കുന്ന നിയമമാണ്.കേരളത്തിൽ കർഷകരുടെ വീടുകൾ താമസത്തിനു മാത്രമല്ല, കൃഷി അനുബന്ധ സാധനങ്ങൾ സൂക്ഷിക്കുന്ന ഗോഡൗൺ ആയും വളർത്തുമൃഗങ്ങളെ പരിപാലിക്കുന്ന ആവശ്യങ്ങൾക്കായും കൂടിയാണ് ഉപയോഗിക്കുന്നത് .ഈ സാഹചര്യത്തിൽ 103 ാം ഭരണ ഘടനാ ഭേദഗതിയിൽ പറയുന്നത് പ്രകാരം സംസ്ഥാനങ്ങൾക്ക് EWS മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കാൻ നൽകിയിരിക്കുന്ന അനുവാദം ഉപയോഗിച്ച് കേരള സാഹചര്യത്തിൽ അപ്രായോഗികമായ ഈ രണ്ട് മാനദണ്ഡങ്ങൾ ഒഴിവാക്കുകയും EWS ന്റെ കേന്ദ്ര-കേരള മാനദണ്ഡങ്ങൾ സംസ്ഥാനത്തെ സാഹചര്യം അനുസരിച്ചു സർക്കാർ ഏകീകരിക്കുകയും ചെയ്യണം.

3. സംസ്ഥാന സർക്കാരിന്റെ മാനദണ്ഡപ്രകാരം പഞ്ചായത്തുകളിലുള്ള ഭൂമിയെ കൃഷി ഭൂമിയായി മാത്രം കണക്കാക്കുമ്പോൾ മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കൃഷിഭൂമി, ഹൗസ് പ്ലോട്ട് എന്ന വേർതിരിവ് കൊണ്ടുവരികയും എല്ലാ പുരയിടങ്ങളെയും ഹൗസ് പ്ലോട്ടായി കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ പല മുൻസിപ്പൽ പ്രദേശങ്ങളും പഞ്ചായത്തുകളുമായി കാര്യമായ വ്യത്യാസമില്ലാത്തവയാണ്. പ്രത്യേകിച്ച് ഡംബിഗ് യാർഡ്, സ്ളോട്ടർ ഹൗസ് എന്നിവ പോലെയുള്ള പ്രദേശത്തു താമസിക്കുന്നവർ വളരെ ദരിദ്രരും അവരുടെ ഭൂമിക്ക് പഞ്ചായത്തുകളിലുള്ള സ്ഥലത്തിന്റെ വില പോലും കിട്ടുന്നതുമല്ല. പക്ഷേ ഇത്തരം പ്രദേശങ്ങളിൽ 20 സെന്റിന് മുകളിൽ സ്ഥലമുള്ളവർക്ക് EWS ആനുകൂല്യം നിഷേധിക്കപ്പെടുന്നു. അതിനാൽ മുൻസിപ്പാലിറ്റികളിലെങ്കിലും കൃഷിഭൂമി - ഹൗസ്പ്ലോട്ട് എന്ന വേർതിരിവ് ഒഴിവാക്കണം.

4. EWS സർട്ടിഫിക്കേറ്റ് നിഷേധിക്കുന്നതിനായി ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവുകൾ വളച്ചൊടിക്കുകയും പാവപ്പെട്ട ആളുകളുടെ അവസരം നിഷേധിക്കുകയും ചെയ്യുന്ന പ്രവണത ഏറി വരുന്നു. അതിനാൽ സർക്കാർ കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കു നൽകണം. കൂടാതെ EWS സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ഒരു ട്രൈബ്യൂണൽ രൂപികരിക്കണം.

5. 103-ാം ഭരണഘടനാ ഭേദഗതി പ്രകാരം സംവരണേതര വിഭാഗം അല്ലെങ്കിൽ ജനറൽ കാറ്റഗറി എന്നത് മാത്രമാണ് നിയമപരമായ പ്രയോഗം. മുന്നോക്ക വിഭാഗം എന്ന പ്രയോഗം നിയമപരമായി തെറ്റാണ്. ഇത് സർക്കാർ ഉത്തരവുകളിലും മറ്റു വിജ്ഞാപനങ്ങളിലും കടന്നു കൂടിയിരിക്കുന്നു. ഈ പ്രയോഗം അടിയന്തരമായി തിരുത്താൻ സർക്കാരിനു നിർദ്ദേശം നൽകണം.

6 .PSC യിൽ നടപ്പിലാക്കിയ 10% EWS സംവരണത്തിന് 2019 ജനുവരിമുതൽ മുൻകാല പ്രാബല്യം അനുവദിക്കണം. കൂടാതെ കുടിശിക നിയമനത്തിനായി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കണം.

7. EWS വിഭാഗത്തിന് SET, K-TET ഉൾപ്പെടെയുള്ള യോഗ്യത പരീക്ഷകളിൽ OBC ക്ക് സമാനമായ മാർക്ക് ഇളവ്, ഫീസ് ഇളവ്, പ്രായപരിധി ഇളവ് എന്നിവ അനുവദിക്കണം.

8. ഉന്നത വിദ്യാഭ്യാസ രംഗത്തും സർക്കാർതൊഴിൽ മേഖലയിലും EWS സംവരണം അനുവദിച്ചുകൊണ്ട് കേരള സർക്കാർ 2020 ജനുവരി 3ന് പൊതു ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിലും ചില കോഴ്സുകൾക്കുള്ള വിജ്ഞാപനങ്ങളിൽ EWS ഇപ്പോഴും ഒഴിവാക്കപ്പെടുന്നു. ഇത് പരിഹരിക്കാൻ നടപടി ഉണ്ടാകണം.

9. EWS നുള്ള അപേക്ഷകൾ ഓൺലൈൻ ആക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഇതുവരെ ചെയ്തിട്ടില്ല. ഇതിനുള്ള നിർദ്ദേശം നൽകണം.

10. EWS സർട്ടിഫിക്കേറ്റ് ഉള്ളവർക്ക് PSC നിയമനങ്ങളിൽ OBC ക്ക് തുല്യമായ പ്രായ പരിധി ഇളവ് അനുവദിക്കണം.

11. ക്രൈസ്തവ വിഭാഗങ്ങളിൽ ഭൂരിപക്ഷവും ജാതി സംവരണത്തിന് പുറത്താണ്. അതുകൊണ്ട് തന്നെ സംവരണ രഹിത ക്രൈസ്തവ വിഭാഗങ്ങൾക്ക് സർക്കാർ നിയമനങ്ങളിൽ ശുഷ്കമായ പ്രാതിനിധ്യം മാത്രമാണുള്ളത്. ഇത് പരിഹരിക്കുന്നതിന് സ്വത്വര നടപടികൾ സ്വീകരിക്കണം.

12. OEC ലിസ്റ്റിൽ ഉൾപ്പെട്ട പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്ക് നിലവിൽ 1% സംവരണം മാത്രമാണുള്ളത്. റൊട്ടേഷൻ ചാർട്ടിൽ ഇവരുടെ ടേൺ 49 മാത്രമാണ് . ഇതുമൂലം ദളിത് ക്രൈസ്തവർക്ക് വേക്കൻസി കുറവുള്ള പോസ്റ്റുകളിൽ നിയമനം ലഭിക്കാറില്ല. ഇത് പരിഹരിക്കുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം. അതോടൊപ്പം റൊട്ടേഷൻ ചാർട്ടിൽ ആദ്യ ഇരുപതിനുള്ളിൽ ഇവർക്ക് അവസരം അനുവദിക്കണം.

13. സുറിയാനി ക്രൈസ്തവ സഭകളിലെ നാടാർ സമൂഹത്തിന് അനുവദിച്ച സംവരണം എത്രയും വേഗം പ്രാബല്യത്തിൽ വരുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

14. കമ്മാളർ എന്ന പിന്നാക്ക സമുദായത്തിൽ നിന്നും സുറിയാനി ക്രൈസ്തവ സഭകളിൽ ചേർന്നവർക്ക് നിലവിൽ യാതൊരു സംവരണ ആനുകൂല്യവും ലഭിക്കുന്നില്ല. ഇവരെയും നാടാർ ക്രൈസ്തവരെപ്പോലെ ഒബിസി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാൻ സർക്കാരിലേക്ക് ശിപാർശ നൽകണം .

15.കാർഷിക കോളേജുകളിൽ അഡ്മിഷന് കർഷകരുടെ മക്കൾക്ക് പ്രത്യേക സംവരണം അനുവദിക്കണം. മറ്റ് ഉന്നതവിദ്യാഭാസ സ്ഥാപനങ്ങളിലും ഇപ്രകാരം കർഷകരുടെ മക്കൾക്ക് സംവരണം അനുവദിക്കണം.

ക്രൈസ്തവ സമൂഹത്തിന്റെ ഈ ആവശ്യങ്ങൾ ബഹു. കമ്മീഷൻ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## C. മലയോര കർഷകർ

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി. കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: വലിയൊരു വിഭാഗം ക്രൈസ്തവ ജനസമൂഹം ഉൾക്കൊള്ളുന്ന മലയോര കർഷകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് :

കേരളത്തിൽ ഇടുക്കി, മലബാർ തുടങ്ങിയ മലയോര മേഖലയിലേയ്ക്ക് കുടിയേറ്റത്തിന് തുടക്കം കുറിച്ചതും ഏറ്റവും കൂടുതൽ കുടിയേറ്റങ്ങൾ നടത്തിയിട്ടുള്ളതും ക്രൈസ്തവ സമുദായാംഗങ്ങളാണ്. ഈ കുടിയേറ്റങ്ങളിൽ അവർക്കു വളരെയധികം ക്ലേശങ്ങളും സാമ്പത്തിക നഷ്ടങ്ങളും ജീവഹാനികളും സംഭവിച്ചിട്ടുണ്ട്. ഇവർ ഇന്നു കുടിയിറക്കിന്റെയും വന്യമൃഗശല്യങ്ങളുടെയും വനംവകുപ്പിന്റെയും ഭീഷണിയിലാണ്. സർക്കാർ പ്രോത്സാഹനത്തോടെയാണ് ഈ കുടിയേറ്റങ്ങൾ നടന്നിട്ടുള്ളത് എന്നതിനാൽ ഈ കർഷകരെ സംരക്ഷിക്കാനുള്ള ബാധ്യതയിൽ നിന്ന് സർക്കാരിന് ഒഴിഞ്ഞുമാറാനാവില്ല. ഈ കർഷകരിൽ വലിയ ഒരു വിഭാഗം ക്രൈസ്തവരാകയാൽ ക്രിസ്ത്യൻ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ നിയമിക്കപ്പെട്ട ബഹു. ജസ്റ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ മുമ്പാകെ ഇവരുടെ ആവശ്യങ്ങൾ സമർപ്പിക്കുന്നു.

1. കർഷകന്റെ അവകാശങ്ങൾ നിർവചിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്ന കർഷക സംരക്ഷണ നിയമം പാസാക്കണം.

2. .1972 ലെ വന്യജീവി സംരക്ഷണ നിയമത്തിലെ 62-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് കാട്ടുപന്നി, മുള്ളൻപന്നി, കുരങ്ങ് എന്നിവയെ ക്ഷുദ്രജീവികളായി അടിയന്തരമായി പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ ഒരു പ്രദേശത്ത് വളരെ വ്യാപകമായിരിക്കുന്ന വന്യജീവിയുടെ ശല്യം നിയന്ത്രിക്കുന്നതിന് അവയുടെ മേലുള്ള പൂർണ്ണ അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകണം. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വന്യജീവികൾ മൂലമുണ്ടായ കൃഷിനാശത്തിന് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 38994 ആണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടാത്ത കേസുകളും നിരവധിയാണ്.

3. കാട്ടുപന്നി, മുള്ളൻപന്നി, കുരങ്ങ് എന്നിവയെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതു വരെ 1972 ലെ വന്യ ജീവി സംരക്ഷണ നിയമത്തിലെ 11/1 യ വകുപ്പു പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ചു കൊണ്ട് അവയെ ഉപാധിരഹിതമായി കൊല്ലുവാനുള്ള അധികാരം കർഷകർക്ക് നൽകണം.

4. വന്യജീവികളുടെ സ്വഭാവിക ആവാസ വ്യവസ്ഥ വനവും അതിന്റെ പരിപൂർണ്ണമായ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിനും ഉത്തരവാദിത്തം വനം വകുപ്പിനും ആയിരിക്കെ,

സർക്കാരും വനം വകുപ്പും സ്വന്തം ഉത്തരവാദിത്തത്തിൽ വരുത്തുന്ന വീഴ്ചകൾ മൂലം വന്യജീവികൾ കൃഷിയിടത്തിൽ ഇറങ്ങിയാൽ അത്തരം വന്യജീവികളെ ഏതു മാർഗം ഉപയോഗിച്ചും നേരിടുവാനും കൊല്ലുവാനുമുള്ള അധികാരം കർഷകർക്കു നൽകണം.

5. കഴിഞ്ഞ 10 വർഷത്തിനിടയ്ക്ക് വന്യജീവികളുടെ ആക്രമണത്തിൽ 997 പേർ കൊല്ലപ്പെടുകയും 3585 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം വന്യമൃഗങ്ങളടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും ഇപ്പോൾ നൽകുന്ന തുച്ഛമായ ആശ്വാസ ധനത്തിനു പകരം മോട്ടോർ ആക്സിഡന്റ് നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതു പോലെ ഓരോ കേസും പ്രത്യേകമായി എടുത്തു കൊണ്ട്, ഓരോരുത്തരുടെയും പ്രായം, ആശ്രയിച്ച് ജീവിക്കുന്നവരുടെ എണ്ണം തുടങ്ങിയ മാനദണ്ഡങ്ങൾ വച്ചു കൊണ്ട് ന്യായമായ നഷ്ട പരിഹാരം ഉറപ്പാക്കണം.

6. വന്യമൃഗ ആക്രമണത്തിൽ ഇനി ഒരു ജീവനും പൊലിയാതിരിക്കാനും കേരളത്തിൽ അതിരൂക്ഷമായി തുടരുന്ന വന്യജീവി ശല്യം നിയന്ത്രിക്കാനും വനാതിർത്തിയിൽ നിന്ന് 500 മീറ്റർ ഉള്ളിലേയ്ക്ക് നീക്കി Human Sensitive Zone (HSZ) സ്ഥാപിക്കുകയും വന്യമൃഗങ്ങളെ HSZ അതിർത്തിയിൽ തടയുന്നതിനു വേണ്ട നടപടികകൾ അടിയന്തരമായി എടുക്കുകയും ചെയ്യണം.

7. ഇടുക്കി ജില്ലയിലെ 8 വില്ലേജുകളിൽ തുടങ്ങി, സർക്കാരിന്റെ നിഷേധാത്മക നിലപാട് മൂലം കേരളം മുഴുവൻ പ്രാബല്യത്തിൽ വന്നിരിക്കുന്ന പട്ടയ ഭൂമിയിലെ വാണിജ്യ നിർമ്മാണ നിരോധനം നീക്കുവാൻ അടിയന്തരമായ നിയമ ഭേദഗതി കൊണ്ടുവരണം. ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ ഇതുവരെ ഇറക്കിയ 61/2021/LSGD dated 22-2-2021 ഉൾപ്പെടെയുള്ള ഉത്തരവുകൾ റദ്ദ് ചെയ്യണം.

8. 1970 മുതൽ ലാൻഡ് ട്രിബ്യൂണൽ നൽകിയ പട്ടയങ്ങൾക്കുള്ള ഭൂപരിഷ്കരണ നിയമത്തിലെ 72 K വകുപ്പ് പ്രകാരമുള്ള നിയമ സംരക്ഷണം റദ്ദ് ചെയ്തു കൊണ്ട് കേരളത്തിലെ പതിനായിരക്കണക്കിനു കർഷകരെ കുടിയിറക്കാൻ ഉദ്ദേശിച്ചുള്ള 1971ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്ററിംഗ് & അസൈൻമെന്റ് ) നിയമത്തിൽ മുൻകാല പ്രാബല്യത്തോടെ 2020 മെയ് 22ന് കേരള സർകാർ കൊണ്ടുവന്ന ഓർഡനൻസ് (35 of 2020, No.3751/Leg.G1/2020Law, 59 of 2020) റദ്ദു ചെയ്യുകയും ഈ ഓർഡിനൻസ്ന്റെ അടിസ്ഥാനത്തിൽ പട്ടയം റദ്ദു ചെയ്യാൻ നൽകിയിട്ടുള്ള എല്ലാ നോട്ടിസുകളും പിൻവലിക്കുകയും ചെയ്യണം.

9. കേരളത്തിലെ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും വരുന്ന പരിസ്ഥിതി സംവേധക മേഖല (ESZ) കളിൽ നിന്നും കൃഷിയിടങ്ങളും ജനവാസ മേഖലകളും പൂർണ്ണമായും ഒഴിവാക്കണം. കേരളത്തിൽ 24 വന്യ ജീവി സങ്കേതങ്ങളാണ് ഉള്ളത് ഇവ 3245 ചതുരശ്ര കിലോമീറ്റർ വ്യാപിച്ചുകിടക്കുന്നു. ഇവയുമായി ബന്ധപ്പെട്ട ESZ കൾ നാലു ലക്ഷം ഏക്കറിനു മുകളിലായി വ്യാപിച്ചിരിക്കുന്നു. ഇവയെല്ലാം കൃഷി ഭൂമികളും ജനവാസ കേന്ദ്രങ്ങളുമാണ്. ഇവിടെ പത്തു ലക്ഷത്തിലധികം ആളുകൾ അധിവസിക്കുന്നു. ESZ

കളിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് അനിയന്ത്രിതമായ അധികാരങ്ങൾ നൽകിയിരിക്കുന്നത് അംഗീകരിക്കാനാവില്ല. ഇതിന്റെ കമ്മറ്റികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൂടി പങ്കാളിത്തം നൽകണം.

10. കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അന്തിമ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 92 ESA വില്ലേജുകളിൽ, കൃഷിയിടങ്ങളും ജനവാസ കേന്ദ്രങ്ങളും ഒഴിവാക്കണം. ഇവിടങ്ങളിലായി ഇരുപത് ലക്ഷം ആളുകൾ താമസിക്കുന്നുണ്ട്. തമിഴ്നാട്, കർണാടക സർക്കാരുകൾ, വില്ലേജുകൾ വിഭജിക്കുക തുടങ്ങി ജനങ്ങൾക്ക് അനുകൂലമായ സമീപനങ്ങൾ സ്വീകരിക്കുന്നു. എന്നാൽ കേരള സർക്കാരിന്റെ ഭാഗത്തു നിന്ന് ഇപ്രകാരം ഉണ്ടാകുന്നില്ല. കസ്തൂരി രംഗൻ റിപ്പോർട്ടിലെ പല നിർദേശങ്ങളും തികച്ചും അപ്രായോഗികവും ജനങ്ങളുടെ ദൈനം ദിന ആവശ്യങ്ങളെ മുഖവിലയ്ക്കെടുക്കാത്തതുമാണ്.

11. കേരളത്തിലെ കർഷകരുടെ മുപ്പത്തിനാലായിരം ഏക്കർ ഭൂമി ഒരു രൂപ പോലും നഷ്ടപരിഹാരം കൊടുക്കാതെ ഏറ്റെടുത്തു വനമാക്കി മാറ്റിയ EFL( Ecologically Fragile Land Act 2003) എന്ന നിയമം റദ്ദുചെയ്യുകയും ഇതുവരെ ഏറ്റെടുത്ത സ്ഥലത്തിന് കർഷകർക്ക് ന്യായമായ നഷ്ട പരിഹാരം കൊടുക്കുകയോ അല്ലങ്കിൽ ആ സ്ഥലങ്ങൾ കർഷകർക്ക് തിരിച്ചുനൽകുകയോ ചെയ്യണം.

12. റബർ, കൊക്കോ, കാപ്പി, തേയില തുടങ്ങിയ തോട്ടവിളകൾ രൂക്ഷമായ വിലയിടിവിനെ തുടർന്ന് കർഷകർ കൃഷി ഉപേക്ഷിക്കുന്ന സാഹചര്യം നിലവിലുള്ളതിനാൽ കേരളത്തിലെ തോട്ടം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി മാവ്, പ്ലാവ്, സപ്പോട്ട, റമ്പുട്ടാൻ, മാങ്കോസ്റ്റിൻ തുങ്ങിയ ഫലവൃക്ഷങ്ങളെയം തോട്ടവിളകളായി അംഗീകരിച്ച് നിയമഭേദഗതി നടത്തണം.

13. ചക്ക, കപ്പ, ചേന, ചേമ്പ്, കാച്ചിൽ, വാഴ, കൈതച്ചക്ക, മാങ്ങ തുടങ്ങിയ ഭക്ഷ്യവസതുക്കൾ കേരളത്തിൽ ധാരാളമായി കൃഷി ചെയ്യുന്നവയാണ്. എന്നാൽ ഇവ പെട്ടന്ന് നശിച്ചുപോകുന്നതിനാലും ശരിയായ വിപണി ഇല്ലാത്തതിനാലും വിലസ്ഥിരത ഇല്ലാത്തതിനാലും കർഷകർക്ക് വൻ നഷ്ടമാണ് ഉണ്ടാകുന്നത്. അതിനാൽ ഇവയെല്ലാം കൂടി ഒരു ബോർഡ് രൂപീകരിക്കുകയും ഇവയുടെ സംസ്കരണം, വിപണനം, കയറ്റുമതി തുടങ്ങിയവ നടപ്പിലാക്കുകയും വേണം.

14. 01/01/1977 നു മുമ്പ് കർഷകരുടെ കൈവശത്തിലേക്ക് വിട്ടുകൊടുത്ത ഭൂമികൾക്ക് ഉപാധിരഹിത പട്ടയം അടിയന്തരമായി അനുവദിക്കണം.

15. കേരളത്തിലെ വനം റവന്യൂ അതിർത്തി മുഴുവനും ജോയിന്റ് സർവ്വേയുടെ അടിസ്ഥാനത്തിൽ അളന്നു തിരിച്ച് ഗസറ്റ് വിജ്ഞാപനം ഇറക്കുന്നതു വരെ കർഷകരുടെ കൈവശഭൂമിയിൽ ജണ്ട കെട്ടുന്ന പ്രവർത്തനങ്ങൾ നിർത്തി വയ്ക്കണം.

16. കേരളത്തിൽ ഉദ്പാദിപ്പിക്കുന്ന എല്ലാ പ്രധാന കാർഷിക വിളകൾക്കും ഉദ്പാദന ചെലവിന്റെ ഇരട്ടി താങ്ങുവില പ്രഖ്യാപിക്കുകയും അത് കൃത്യമായി നടപ്പിലാക്കുകയും ചെയ്യണം.

17. കോവിഡിന്റെയും കാർഷിക വിളകളുടെ വില തകർച്ചയുടെയും പശ്ചാത്തലത്തിൽ കാർഷിക കടങ്ങൾ പൂർണ്ണമായും എഴുതിതള്ളണം.

18. ഇപ്പോൾ തന്നെ കേരളത്തിന്റെ അകെ ഭൂവിസ്യതിയുടെ 29.1% വനമാണ്. ഇത് ദേശീയ ശരാശരിയെക്കാൾ വളരെ ഉയർന്നതാണ്. അതിനാൽ ഇനിയും കൃഷിഭൂമികളും ജനവാസ പ്രദേശങ്ങളും കയ്യേറി വനവിസ്യതി വർധിപ്പിക്കാനുള്ള ശ്രമത്തിൽ നിന്ന് വനം വകുപ്പ് പിൻമാറണം.

ഇപ്രകാരം ദുരിതവും ദാരിദ്ര്യവും അനുഭവിക്കുന്നതു മൂലവും ഉപജീവനമാർഗങ്ങൾ നഷ്ടപ്പെടുന്നതുമൂലവും ജനങ്ങൾ മലയോര മേഖലകളിൽ നിന്നു കുടിയിറങ്ങാൻ നിർബന്ധിതരായി തീരുകയാണ്. ഇത് കേരളത്തിന്റെ കാർഷിക വരുമാനത്തെ വളരെ ദോഷകരമായി ബാധിക്കുന്നു. കൂടാതെ ഇവരിൽ ബഹുഭൂരിപക്ഷം ക്രൈസ്തവരാകയാൽ ക്രൈസ്തവരുടെ ദീർഘനാളത്തെ ആവാസ മേഖലകൾ നഷ്ടപ്പെടുന്നു. അവരിൽ പലരും വിദേശങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും ജോലി തേടി പോകുന്നതിനാൽ കേരളത്തിലെ ക്രൈസ്തവ ജനസംഖ്യക്ക് ഗണ്യമായ കുറവ് സംഭവിക്കുന്നു. നിലവിൽ തന്നെ ന്യൂനപക്ഷമായ ഈ സമൂഹത്തിന്റെ നിലനിൽപ്പ് തന്നെ ഇത്തരം പ്രശ്നങ്ങൾ മൂലം അപകടത്തിലാകുന്നു. ആയതിനാൽ ബഹു. കമ്മീഷന്റെ ഭാഗത്തു നിന്നും ഗൗരവമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**(നിവേദനത്തോടൊപ്പം കൂടുതൽ പ്രാദേശിക വിവരങ്ങൾ ചേർക്കുന്നത് ഉചിതമാണ്)**

# D. റബർ കർഷകർ

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി. കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: ക്രൈസ്തവരുടെ പ്രധാന കാർഷികരംഗമായ റബർ മേഖല നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച്:

കേരളത്തിലെ റബർ കൃഷിയുടെ മേഖലയിൽ ക്രൈസ്തവർ വലിയ പങ്കു വഹിക്കുന്നുണ്ട്. ബ്രിട്ടീഷുകാരായ മർഫി സായ്പ്പും മറ്റും റബർ കൃഷി ആരംഭിച്ചപ്പോൾ മുതൽ ക്രൈസ്തവർ ഈ രംഗത്ത് പ്രവർത്തിക്കുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ പ്രധാന കേന്ദ്രങ്ങളായ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും മലബാറിലെ കുടിയേറ്റ

പ്രദേശങ്ങളിലുമാണ് ഏറ്റവും കൂടുതൽ റബർ കൃഷി നടത്തപ്പെടുന്നത്. അതു കൊണ്ടു തന്നെ വളരെ അധികം ക്രൈസ്തവർ റബർ കർഷകരാണ്. 2013 മുതൽ തുടർച്ചയായി നിലനിൽക്കുന്ന റബർ വിലയിടിവ് വളരെയധികം ക്രൈസ്തവ കുടുംബങ്ങളുടെ സാമ്പത്തിക അടിത്തറ തകർത്തിരിക്കുകയാണ്. ധാരാളം പേർ കടക്കെണിയിൽ ആയിരിക്കുകയാണ്. ചില ആത്മഹത്യകളും നടത്തപ്പെടുന്നു. തൊഴിൽ തേടി യുവജനങ്ങളും മറ്റും പ്രവാസികളായി തീരുന്നു. ഇത്തരം പ്രശ്നങ്ങൾ മൂലം ക്രൈസ്തവർ വളരെയധികം പിന്നാക്കാവസ്ഥയിലേയ്ക്കു പോവുകയും ഈ സമൂഹത്തിന്റെ നിലനിൽപ്പിനു തന്നെ ഭീഷണി നേരിടുകയും ചെയ്യുന്നു. അതിനാൽ സർക്കാരിന്റെ ഭാഗത്തു നിന്നും താഴെ പറയുന്ന നടപടികൾ ആവശ്യപ്പെടുന്നു.

1. വിലസ്ഥിരതാപദ്ധതി നടപ്പിലാക്കണം

റബർ കിലോഗ്രാമിന് 250 രൂപ വിലസ്ഥിരത നൽകുന്ന പദ്ധതി എത്രയും പെട്ടന്ന് നടപ്പിലാക്കുന്നതിന് ശിപാർശ നൽകണം .

2. റബർ സംഭരണം നടത്തണം

കേരളത്തിലെ റബറിന്റെ ആഭ്യന്തര വില നിലവിൽ അന്താരാഷ്ട്ര വിലയെക്കാൾ താഴെയാണ്. അതിനാൽ സർക്കാർ ഉയർന്ന വിലയ്ക്ക് റബർ സംഭരിക്കുകയും കയറ്റുമതി പ്രോത്സാഹിപ്പിക്കുകയും വേണം.

3. ഭൂപ്രശ്നങ്ങൾ പരിഹരിക്കണം

പട്ടയം, പരിസ്ഥിതിലോലം(ESA), ഇക്കോ സെൻസിറ്റീവ് സോൺ (ESZ) എന്നീ വിഷയങ്ങളിൽ സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തണം. (നിലവിൽ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കുകളെ പ്രധാനമായും ബാധിച്ചിരിക്കുന്ന) തോട്ടം പുരയിടം വിഷയത്തിലും ശാശ്വതപരിഹാരം കാണണം. ആറുപതിറ്റാണ്ട് പഴക്കമുള്ള ഭൂനിയമങ്ങളും കാലാനുസൃതമായ തിരുത്തലുകൾക്ക് വിധേയമാക്കിയാൽ മാത്രമേ കാലഘട്ടത്തിനനുസരിച്ചുള്ള വികസനം സംസ്ഥാനത്ത് സാധ്യമാകുകയുള്ളൂ.

4. വന്യമൃഗശല്യം പരിഹരിക്കണം

മറ്റ് കർഷകർക്ക് സാധാരണയായി വന്യമൃഗശല്യം മൂലം കൃഷി നാശമാണ് ഉണ്ടാകുന്നതെങ്കിൽ റബർ കർഷകർക്ക് ജീവനാശം കൂടി ഉണ്ടാക്കുന്നു. കാരണം അതിരാവിലെ ടാപ്പിംഗിനായി പോകുന്ന പലർക്കും കാട്ടുപന്നി, ആന, പുലി തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണം മൂലം ജീവാപായം പോലും ഉണ്ടാകുന്നു. കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിച്ച് കൃഷി ഭൂമിയിൽ ഇറങ്ങുന്നവയെ കൊന്നുകളയാനുള്ള അനുവാദം കർഷകർക്ക് നൽകണം.

5. സിയാൽ മോഡൽ റബർ കമ്പനി ഉടൻ ആരംഭിക്കണം

റബർ കൃഷി സംരക്ഷിക്കുന്നതിനായി സിയാൽ മോഡൽ റബർ കമ്പനിയുടെ പ്രാഥമിക നടപടികൾ പൂർത്തിയായതായി അറിയാൻ കഴിഞ്ഞു. എത്രയും വേഗം കമ്പനി പ്രവർത്തന സജ്ജമാക്കണമെന്ന് സർക്കാരിനോട് നിർദ്ദേശിക്കണം

6. റബർ കർഷകരെ സംരക്ഷിക്കുന്ന നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

റബർ ബോർഡ് പഴയ നിലയിൽ പുനഃസ്ഥാപിക്കുക, റബർ കൃഷിക്കു സബ്സിഡികൾ പഴയതുപോലെ നൽകുക, റബർ സംഭരണവും കയറ്റുമതിയും നടത്തുക, ഇറക്കുമതി നിയന്ത്രിക്കുക, ഇറക്കുമതി ചുങ്കം ഉയർത്തുക, കൃത്രിമ റബർ, ക്രംബ് റബർ എന്നിവയുടെ ഇറക്കുമതി നിയന്ത്രിക്കുക, റബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുക, കർഷകർക്കു സഹായകരമായ റബർ നയം നടപ്പിലാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയത്തിന്റെ ഭാഗമായിട്ടാണ് ലക്ഷക്കണക്കിനാളുകൾ റബർ കൃഷിയിലേയ്ക്ക് തിരിഞ്ഞിട്ടുള്ളത്. അതിനാൽ അവരെ സംരക്ഷിക്കാനുള്ള ബാധ്യത സർക്കാരുകൾക്കുണ്ട്. ക്രൈസ്തവരുടെ പ്രധാന ജീവനോപാധിയായ റബർ കൃഷി സംരക്ഷിക്കാൻ സർക്കാരുകൾ സത്വര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഇന്ത്യയിലെ വിജ്ഞാപിത ന്യൂനപക്ഷങ്ങളിലൊന്നായ ക്രൈസ്തവരുടെ ജീവതം വളരെ ദുരിതത്തിലായിതീരും. അതിനാൽ ബഹു. കമ്മീഷൻ ഈ വിഷയം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## E. കുട്ടനാട് വിഷയങ്ങൾ

(ഈ വിഷയം ചങ്ങനാശേരി അതിരൂപതയിൽ പ്രധാനമായും ഉൾപ്പെടുന്നതിനാൽ പൊതുമാർഗ്ഗരേഖയിൽ ചേർത്തിട്ടില്ല)

## F. ദളിത് ക്രൈസ്തവർ

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി. കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: കേരളത്തിലെ ദളിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്:

മതേതരത്വം മുഖമുദ്രയ ഭരണഘടന നിലനിൽക്കുന്ന ഭാരതത്തിൽ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താൽ തങ്ങളുടെ സഹോദരങ്ങളായ പട്ടികജാതി വിഭാഗങ്ങൾക്ക് നൽകിപ്പോരുന്ന സംവരണവും മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടതിലൂടെ സമൂഹത്തിന്റെ വിവിധ മേഖലകളിൽ ദയനീയമായി പിൻന്തള്ളപ്പെട്ടു പോയ ദളിത് ക്രൈസ്തവരുടെ അതിജീവനത്തിനും പുരോഗതിക്കും ആവശ്യമായ നിർദ്ദേശങ്ങൾ ബഹു.കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കുന്നു.

1. ദളിത് ക്രൈസ്തവർക്ക് സർക്കാരിൽ നിന്ന് സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട സംവിധാനമായ പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ അവസ്ഥ വളരെ പരിതാപകരമാണ്. കോർപറേഷനുള്ള ഫണ്ട് കൂടുതൽ വകയിരുത്തുകയും ഓഫീസ് പ്രവർത്തനം ഫലപ്രദ്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

2. OEC വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രത്യേക ഡയറക്ട്രേറ്റും കമ്മീഷനും രൂപീകരിക്കുന്നതിന് ശിപാർശ നൽകണം.

3. പട്ടികജാതി വിഭാഗങ്ങൾക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ദളിത് ക്രൈസ്തവർക്കും ലഭ്യമാക്കണം. ഈ ആവശ്യത്തിലേയ്ക്ക് നൽകുന്ന നോൺ പ്ലാൻ ഫണ്ട് നിലവിൽ അപര്യാപ്തമാണ്. ഇത് ഇരട്ടിയായിട്ടെങ്കിലും വർദ്ധിപ്പിക്കണം.

4. ദളിത് ക്രൈസ്തവരുടെ കുടിശ്ശിഖ കടങ്ങൾ പട്ടികജാതിക്കാരുടേതു പോലെ എഴുതിതള്ളാനുള്ള നടപടി സ്വീകരിക്കണം.

5. ദളിത് ക്രൈസ്തവരെ പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് 1996 ജൂണിൽ കേന്ദ്ര സർക്കാർ കേരള ഗവൺമെന്റിന് അയച്ച കത്തിനു മറുപടിയായി (Letter No.12016/30/96,S.C.N. R Cells dated 28-06-96) കേന്ദ്ര സർക്കാരിലേയ്ക്ക് ഇപ്രകാരം ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ശുപാർശ കത്ത് അയയ്ക്കണം.

6. ഉദ്യോഗ തലത്തിൽ ദളിത് ക്രൈസ്തവർക്ക് അനുവദിച്ചിട്ടുള്ള സംവരണം (OEC) ക്ലാസ് നാലിൽ 2 % വും മറ്റ് തസ്തികകളിൽ 1% വും മാത്രമാണ്. ഇത് പ്രയോജനപ്പെടണമെങ്കിൽ നിയമന റൊട്ടേഷൻ ലിസ്റ്റിൽ 20-ാം നമ്പറിനുള്ളിൽ ഈ സംവരണം ഉൾപ്പെടുത്തണം. ഇപ്പോൾ റൊട്ടേഷൻ ടേൺ 49 മാത്രമാണ്.

7. സാശ്രയ കോഴ്സുകൾക്ക് പഠിക്കുന്ന ഒ.ഇ.സി വിഭാഗത്തിൽപ്പെടുന്ന ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും മറ്റാനുകൂല്യങ്ങളും നൽകണമെന്ന് 2012 ഒക്ടോബർ 10-ാം തീയതി ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2013 ഫെബ്രുവരി 22-ാം തീയതി സംസ്ഥാന സർക്കാർ ഈ വിധിക്കെതിരെ ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ സമ്പാദിക്കുകയുണ്ടായി. സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസ് പിൻവലിച്ച് സ്വാശ്രയ കോഴ്സുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും മറ്റാനുകൂല്യങ്ങളും നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കണം.

8. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക് തുടങ്ങിയ സ്കോളർഷിപ്പുകൾ ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും (OEC) ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണം. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് 18-06-2013 നം - എൻ 3/22494/13ഡിപിഐ .- സ്കൂൾ

അധികാരികൾക്ക് നൽകിയ ഉത്തരവ് പ്രകാരം പല സ്കൂൾ അധികാരികളും ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും കിട്ടുന്നു എന്ന കാരണത്താൽ അപേക്ഷ നിരസിക്കുകയാണ്. ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത് ജാതി അടിസ്ഥാനത്തിലുള്ള സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റുമാണെന്നും ഇത് സ്കോളർഷിപ്പ് അല്ലന്നും വ്യക്തമാക്കുന്ന ഉത്തരവുകൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നും ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും ന്യൂനപക്ഷ സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

9. ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകുന്ന എല്ലാ സ്കോളർഷിപ്പുകളും ഒഇസി വിഭാഗത്തിൽ പെടുന്ന ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും നൽകണം. പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നതോടൊപ്പം ഈ സ്കോളർഷിപ്പും നൽകുന്നുണ്ട്. എന്നാൽ ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾ ഒഴിവാക്കപ്പെടുന്നു. പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഈ ആനുകൂല്യം ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

10. പ്ലസ്ടു മുതലുള്ള എല്ലാ കോഴ്സുകൾക്കും അഡ്മിഷൻ കാര്യത്തിൽ പട്ടികജാതിക്കാർക്ക് ലഭിക്കുന്ന സംവരണം ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും ലഭ്യമാക്കണം.

11. സംസ്ഥാന പട്ടികജാതി വർഗ്ഗ വികസന വകുപ്പ് 50/2009/പജാ പവ.വിവ തിരുവനന്തപുരം 2009 ജൂലൈ പരിവർത്തനം 1/2/2020 (2) സ.ഉ. (എം.എസ്) 20/08/പജ.പവ/വിവ പ്രകാരം ഇറക്കിയ ഉത്തരവിൽ പറഞ്ഞിട്ടുള്ളത് സർക്കാർ / നിയന്ത്രിത / അംഗീകൃത / എയ്ഡഡ് സ്ഥാപനങ്ങളിലെ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന പട്ടികജാതി /പട്ടികവർഗ്ഗ / മറ്റർഹ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതല്ല എന്നാണ്. ഒഇസി യിൽ പെട്ട ഒളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് എയ്ഡഡ് സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ക്വാട്ടായിലൂടെയാണ് പ്രവേശനം ലഭിക്കുന്നത്. അതിനാൽ ഈ ഉത്തരവ് ഭേദഗതി വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

12. പട്ടികജാതി സംവരണം ഹിന്ദുക്കൾക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട് 1950 ഓഗസ്റ്റ് 10ന് ഉണ്ടായ പ്രസിഡൻഷ്യൽ ഉത്തരവിന്റെ 3-ാം ഖണ്ഡിക ഭരണഘടനാ വിരുദ്ധവും മതേതരത്വത്തിന്റെ ലംഘനവുമാകയാൽ അത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കേരള നിയമസഭ പ്രമേയം പാസാക്കണം.

13. ഭരണഘടനയുടെ 159 (4), 16 (4 ), 46 വകുപ്പുകൾക്ക് വിധേയമായി 1960 മുതൽ മഹാരഷ്ട്ര സർക്കാർ പട്ടിക ജാതിയിൽ നിന്ന് ബുദ്ധമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് പട്ടികജാതിക്കാരുടെ ആനുകൂല്യം നൽകി വരുന്നു. ദളിത് ക്രൈസ്തവരുടെ കാര്യത്തിൽ കേരള സർക്കാർ ഈ മാതൃക സ്വീകരിക്കാൻ തയാറാകണം.

14. ദളിത് ക്രൈസ്തവർക്കു ലഭിക്കുന്ന 1 % ജോലി സംവരണം മാത്രമാണുള്ളത്. റൊട്ടേഷൻ ചാർട്ട് പ്രകാരം ആകെയുള്ള ഒരു ടേൺ 49 ആണ്. അതുകൊണ്ട് തന്നെ പ്രധാന

തസ്തികളിലേക്ക് അവർക്ക് അവസരം നിഷേധിക്കപ്പെടുന്നു. അവർക്ക് വേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ആരംഭിക്കണം.

15. പ്ലസ്ടു മുതൽ ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് മാർക്ക്, വയസ് എന്നിവയിൽ പട്ടിക ജാതിക്ക് തത്തുല്യമായ ഇളവ് അനുവദിക്കണം.

16. പബ്ലിക് പ്രോസിക്യൂട്ടർ, പിഎസ് സി അംഗങ്ങൾ എന്നിവരെ നിയമിക്കുമ്പോൾ ദളിത് ക്രൈസ്തവ അംഗങ്ങളെ പരിഗണിക്കണം.

പട്ടികജാതി-വർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി സ്ഥലം, വീട്, വീട്ടുപകരണങ്ങൾ, വളർത്തുമൃഗങ്ങൾ, സഹായം, തൊഴിൽ, കുടിൽ വ്യവസായം, വിദ്യാഭ്യാസം, വൈദ്യുതി, വഴി, കുടിവെള്ളം, അധികാര പങ്കാളിത്തം തുടങ്ങി അനേകം സഹായങ്ങളും സംവരണവും നൽകുമ്പോൾ അതേ പിന്നാക്കാവസ്ഥയിൽ ജീവിക്കുന്ന ദളിത് ക്രൈസ്തവർ ഇവയിൽ നിന്നെല്ലാം മാറ്റി നിർത്തപ്പെടുന്നു. മതമല്ല ഒരുവന്റെ പിന്നാക്കാവസ്ഥയ്ക്ക് അടിസ്ഥാനം. മതത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ വിവേചനം യഥാർത്ഥത്തിൽ ഭരണഘടനാ ലംഘനം തന്നെയാണ്. ഒരു മതേതര രാഷ്ട്രമെന്ന് അഭിമാനിക്കുന്ന ഇന്ത്യക്ക് ഇത് ഭൂഷണമല്ല. ഈ ഗുരുതരമായ അനീതിക്കെതിരെ OEC വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് ബഹു.കമ്മീഷൻ കേരള സർക്കാരിന് ശുപാർശ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

# G. നാടാർ ക്രിസ്ത്യൻ സമൂഹം

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠി,ക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി. കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: കേരളത്തിലെ സുറിയാനി ക്രൈസ്തവ സഭകളിൽ ചേർന്നിട്ടുള്ള നാടാർ വിഭാഗത്തിന്റെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്:

സീറോ മലബാർ, സീറോ മലങ്കര തുടങ്ങിയ സുറിയാനി ക്രൈസ്തവ സഭകളിൽ ചേർന്നിട്ടുള്ള നാടാർ സമൂഹം നാളിതുവരെയായിട്ടും സംവരണം തുടങ്ങിയ ആനുകൂല്യങ്ങളിൽ നിന്ന് അകറ്റി നിർത്തപ്പെട്ടിരിക്കുകയായിരുന്നു. ഈ അടുത്ത കാലത്ത് മാത്രമാണ് അവശരും പാവപ്പെട്ടവരുമായ ഈ ജനവിഭാഗത്തിന് സംവരണം അനുവദിച്ചു കിട്ടിയത്. എന്നാൽ ഇവരുടെ നിരവധിയായ ആവശ്യങ്ങൾ ഇനിയും പരിഗണിക്കപ്പെട്ടിട്ടില്ല. പ്രസ്തുത ആവശ്യങ്ങൾ അടങ്ങുന്ന ഒരു നിവേദനം ബഹു. കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കുന്നു.

1. സീറോ മലബാർ സഭയിലെ നാടാർ സമുദായത്തിന് ഉൾപ്പെടെ ലഭിച്ച വിദ്യാഭ്യാസ-തൊഴിൽമേഖലയിലെ സംവരണം പൂർണ്ണ തോതിൽ നടപ്പിലാക്കണം.

2. ഹരിഹരൻ നായർ കമ്മീഷൻ റിപ്പോർട്ടിന് കോടതിയിലുള്ള സ്റ്റേ എടുത്തുമാറ്റാൻ ഉള്ള നടപടികൾ സ്വീകരിക്കണം.

3. ഹരിഹരൻ നായർ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തണം . അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണം. പഠനത്തിനു സമർഥരായ വിദ്യാർഥികൾക്ക് ഉപരിപഠനത്തിനുള്ള അവസരങ്ങൾ, സ്കോളർഷിപ്പ് ഉൾപ്പെടെ ക്രമീകരിക്കണം.

4. നവോദയ പോലുള്ള കേന്ദ്രീയ വിദ്യാലയങ്ങളിൽ നാടാർ സമുദായത്തിലെ വിദ്യാർഥികൾക്ക് അഡ്മിഷനിൽ സംവരണവും ഹോസ്റ്റൽ സൗകര്യവും ക്രമീകരിക്കണം.

5 .വാസയോഗ്യമല്ലാത്ത ഭവനത്തിൽ വസിക്കുന്നവർക്കന്നവരെ സർക്കാരിന്റെ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തണം.

6. നാടാർ സമുദായത്തിന്റെ ജീവിതനിലവാരം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ക്രമീകരിക്കണം.

7. സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. അതിന് ആവശ്യമായ പലിശരഹിത വായ്പ പദ്ധതികൾ തുടങ്ങണം

8. സ്ഥിരമായി മരുന്ന് കഴിക്കുന്നവർക്കും പ്രായമായവർക്കും വേണ്ട ചികിത്സാ പദ്ധതികൾ ആവിഷ്കരിക്കണം.

ഈ ആവശ്യങ്ങൾ കേരള സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ബഹു. കമ്മീഷൻ മുൻപാകെ സമർപ്പിക്കുന്നു .

# വിദ്യാഭ്യാസമേഖല

**(വിദ്യാഭ്യാസമേഖലയിൽ വിവിധ തലങ്ങളിലായി നിലനിൽക്കുന്ന Institutional issues സംബന്ധിച്ച് സ്ഥാപനങ്ങൾ ചർച്ച നടത്തി പ്രത്യേക നിവേദനങ്ങൾ കമ്മീഷൻ മുൻപാകെ സമർപ്പിക്കേണ്ടതാണ്. താഴെക്കൊടുത്തിരിക്കുന്നവ ഏതാനും സൂചകങ്ങൾ മാത്രമാണ്.)**

# H. അൺഎയ്ഡഡ് സ്കൂളുകൾ

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി. കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: ക്രിസ്ത്യൻ ന്യൂനപക്ഷ അൺഎയ്ഡഡ് സ്കൂളുകളോടുള്ള വിവേചനം:

1. ന്യൂനപക്ഷ അവകാശങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളെ വിവിധ ന്യൂനപക്ഷങ്ങൾ വ്യത്യസ്തമായി വ്യാഖ്യാനിച്ചതിന്റെ ഫലമായുണ്ടായ വേർതിരിവും അതുമൂലം ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കുണ്ടായ നഷ്ടവും വളരെ വലുതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചും പരിപാലിച്ചും നിലനിർത്തിയും ന്യൂനപക്ഷമതങ്ങൾക്ക് തങ്ങളുടെ സാംസ്കാരിക അന്തരീക്ഷത്തിൽ വരും തലമുറയ്ക്ക് പരിശീലനം നൽകാൻ ഭരണഘടന അവകാശം നൽകിയപ്പോൾ രാഷ്ട്രത്തിന്റെ മുഖ്യധാരയിൽത്തന്നെ നിലയുറപ്പിച്ച് പൊതു വിദ്യാഭ്യാസത്തിന്റെ ചട്ടക്കൂട്ടിൽ നിൽക്കാനും അധിക സമയം ഉപയോഗിച്ച് മതബോധന ക്ലാസുകൾ നടത്താനും ആണ് ക്രൈസ്തവസമൂഹം ആഗ്രഹിച്ചത്. സജ്ജമാക്കുന്ന സൗകര്യങ്ങളിൽ വലിയ ഒരുപങ്ക് സമൂഹത്തിലെ ഇതരമതസ്ഥർക്കായി പങ്കുവയ്ക്കാനും സേവനം ചെയ്യാനും ക്രൈസ്തവർ ശ്രദ്ധിച്ചിരുന്നു. എന്നാൽ ചിലർ ഈ അവസരം ഉപയോഗിച്ചത് മോസ്കുകളോടു ചേർന്നു മദ്രസകൾ നടത്തി മതപഠനം നടത്താൻ വേണ്ടികൂടിയാണ്. ന്യുനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ മദ്രസകളെ മാത്രം ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളായി കണക്കാക്കി അവർക്ക് ഗ്രാൻഡും പഠിപ്പിക്കുന്ന അധ്യാപകർക്ക് അലവൻസും ക്ഷേമനിധിയുമൊക്കെ ഏർപ്പെടുത്തുകയാണുണ്ടായത്. പക്ഷേ അധികസമയമുപയോഗിച്ച് മതബോധനവും സർക്കാർ നിർദേശങ്ങൾ പാലിച്ച് പൊതു വിദ്യാഭ്യാസവും നൽകി തങ്ങളുടെ വിഭവശേഷി മുഖ്യധാരയ്ക്കുവേണ്ടി വ്യയം ചെയ്ത ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവിടെ ജോലി ചെയുന്ന ജീവനക്കാർക്കും ന്യൂനപക്ഷാവകാശമനുസരിച്ച് നൽകുന്ന ആനുകൂല്യങ്ങൾ അന്യമായി തീർന്നു. സ്വാശ്രയതലങ്ങളിൽ പ്രവർത്തിക്കുന്ന ക്രിസ്ത്യൻ ന്യൂനപക്ഷ സ്കൂളുകൾക്ക് മദ്രസകൾക്കു നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകിയെങ്കിൽ മാത്രമേ ഭരണഘടന ഉറപ്പുനൽകുന്ന നീതി നടപ്പിലാകുകയുള്ളൂ.

2. സമുദായത്തിന്റെ ചെലവിൽ ക്രമീകരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഇലക്ഷൻ തുടങ്ങിയ പൊതു ആവശ്യങ്ങൾക്ക് വിട്ടുനൽകാൻ സന്നദ്ധത കാണിക്കുമ്പോൾ; ഇലക്ഷനും മറ്റുമുള്ള പരിശീലന പരിപാടികളെല്ലാം ഇത്തരം വിദ്യാലയങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന പ്രവണത കൂടി വരുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ താളംതെറ്റിക്കുന്ന, ആഴ്ചകൾ നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികൾക്കു ഇലക്ട്രിസിറ്റി, ജലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നൽകേണ്ടിവരുമ്പോഴുണ്ടാകുന്ന ബാധ്യത എന്നിവയെല്ലാം വളരെ വലുതാണ്. ക്ലാസുകൾക്ക് ആവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ക്രമീകരണവും പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ഈ സ്ഥാപനങ്ങൾ പി. എസ്. സി. പരീക്ഷകൾ മുതലായ ആവശ്യങ്ങൾക്കായി വിട്ടുനൽകുമ്പോഴും ഇവയിൽ നിന്ന് നിന്ന് അമിതമായ കെട്ടിടനികുതിയും വർധിച്ച കറണ്ട് ചാർജും ഈടാക്കുന്ന ഗവൺമെന്റ് സമീപനം തിരുത്തേണ്ടതാണ്. ഞായറാഴ്ചകളിലെ മതപഠനക്ലാസ്സുകൾക്ക് തടസ്സമാകുന്ന വിധത്തിൽ ഈ സ്ഥാപനങ്ങൾ പൊതുപരിപാടികൾക്കായി മാറ്റിവയ്ക്കുന്ന സാഹചര്യവും ഒഴിവാക്കേണ്ടതാണ്."

3. ന്യൂനപക്ഷപദവിക്ക് അർഹതയുള്ള സ്കൂളുകൾക്ക് ന്യൂനപക്ഷപദവി നല്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

ഇത്തരം വിഷയങ്ങൾ വിലയിരുത്തുന്നതിനും വിവേചനങ്ങൾ അവസാനിപ്പിച്ച് വിദ്യാർത്ഥികൾക്ക് തുല്യനീതി നടപ്പിലാക്കുന്നതിനും സർക്കാരിനോട് ബഹു.കമ്മീഷൻ ശുപാർശ ചെയ്യണമെന്ന് താത്പര്യപ്പെടുന്നു.

## I. എയ്ഡഡ് സ്കൂളുകൾ

ജെ.ബി കോശി കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ വിദ്യാഭ്യാസം എന്ന ശീർഷകത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വിശദമായി ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാകണം.

-അപ്പോയ്ന്റ്മെന്റ്സ്

-അഡ്മിഷൻ

-അഡ്മിനിസ്ട്രേഷനുള്ള നിയന്ത്രണങ്ങൾ

- ഗ്രാന്റുകൾ മറ്റ് ഫണ്ടുകൾ

-ന്യൂനപക്ഷാവകാശങ്ങളുടെ ലംഘനങ്ങൾ (ഭരണഘടന30;1,2 Article)

-സിലബസുകളിൽ കടന്നു വന്നിട്ടുള്ള ക്രൈസ്തവ വിരുദ്ധത.

-ക്രൈസ്തവ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ മറ്റ് ന്യൂനപക്ഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉള്ള വിവേചനങ്ങൾ (80:20)

- ക്രൈസ്തവ സംസ്കാരവും പാരമ്പര്യങ്ങളും കലകളും അടുത്ത തലമുറയ്ക്കു കൈമാറാൻ ഉള്ള സഹായങ്ങൾ ( സുറിയാനി ഭാഷ, കലാരൂപങ്ങൾ etc പഠനം)

- കുട്ടികൾക്ക് ഇനിയും ആവശ്യമായ പുതിയ ക്ഷേമപദ്ധതികൾ

**ഇവയെ കുറിച്ച് വിശദമായ പഠനങ്ങൾ ആവശ്യമുണ്ട്**

# ഉന്നതവിദ്യാഭ്യാസമേഖല

## J. സ്വാശ്രയ ഉന്നതവിദ്യാഭ്യാസം

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെബി കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങളായ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ സംബന്ധിച്ച്:

കേരളത്തിൽ പ്രഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ കുറവായിരിക്കുകയും വിദ്യാർത്ഥികൾ ധാരാളമായി ഇതരസംസ്ഥാനങ്ങളിൽ പഠനത്തിനായി പോവുകയും സാമ്പത്തികവും മറ്റു തരത്തിൽ ഉള്ളതുമായ ക്ലേശങ്ങൾ അനുഭവിക്കുകയും ചെയ്യുന്ന

സാഹചര്യത്തിലാണ് ക്രൈസ്തവ സഭകൾ സ്വാശ്രയ പ്രഫഷണൽ വിദ്യാഭാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ളത്. തൊഴിലധിഷ്ഠിത ഉന്നത വിദ്യാഭ്യാസം നൽകുന്നതിനോടൊപ്പം ഭരണഘടന അനുവദിച്ചു നൽകുന്ന ന്യൂനപക്ഷ അവകാശങ്ങളുടെ ബലത്തിൽ തങ്ങളുടെ അടുത്ത തലമുറയുടെ ക്രൈസ്തവ വിശ്വാസവും ക്രൈസ്തവ സംസ്കാരവും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ക്രൈസ്തവ സഭകൾ ഇത്തരം സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ളത്. അതിനാൽ അവയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത് ക്രൈസ്തവ ന്യൂനപക്ഷ ക്ഷേമത്തിന് ആവശ്യമായ കാര്യമാണ്. ഇതിനായി ഏതാനും നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ബഹു. കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കുന്നു.

1. സെൽഫ് ഫിനാൻസിംഗ് രംഗത്ത് സർക്കാർ പുതിയ കോഴ്സുകൾ അനുവദിച്ചു തരുന്നില്ല. അതിനാൽ ഈ രംഗത്ത് വൻ മുതലുമുടക്ക് നടത്തിയ സ്ഥാപനങ്ങൾക്ക് വലിയ സാമ്പത്തിക ബാധ്യത നേരിടേണ്ടിവരുന്നു. വിദ്യാഭ്യാസ രംഗത്ത് പതിറ്റാണ്ടുകളും നൂറ്റാ ണ്ടുകളുമായി പ്രവർത്തിക്കുന്ന ക്രൈസ്തവസഭകളുടെ ഏജൻസികളെയും സ്ഥാപനങ്ങളെയും വിശ്വാസത്തിലെടുക്കാൻ സർക്കാർ തയ്യാറാകണം. ആവശ്യാനുസരണം പുതിയ കോഴ്സുകൾ അനുവദിച്ചു നൽകണം.

2. യാത്രാ സൗകര്യം കുറഞ്ഞതും വികസന സാധ്യതകൾ വിരളവുമായ ഉൾനാടൻ പ്രദേശങ്ങളിലും മലയോരങ്ങളിലും തീരദേശങ്ങളിലും മറ്റും പ്രവർത്തിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങൾ വലിയ സാമ്പത്തിക വെല്ലുവിളി നേരിടുന്നുണ്ട്. അത്തരം സ്ഥാപനങ്ങൾക്ക് സർക്കാർ പ്രത്യേക ഇളവുകൾ അനുവദിക്കണം.

3. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് സ്ട്രക്ച്ചർ അപര്യാപ്തവും അശാസ്ത്രീയവുമാണ്. ഇതു മൂലം പല സ്വാശയ സ്ഥാപനങ്ങളും അടച്ചു പൂട്ടലിന്റെ വക്കിലാണ്. അതിനാൽ ഫീസ് നിർണ്ണയത്തിൽ കുറച്ചു കൂടി സ്വാതന്ത്ര്യം അനുവദിക്കണം. എങ്കിൽ മാത്രമേ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുവാനും സാധിക്കയുള്ളൂ. ദൈനംദിന നടത്തിപ്പിനു വേണ്ടി ഇത്തരം സ്ഥാപനങ്ങൾ സ്വന്തമായി പണം കണ്ടെത്തേണ്ട സാഹചര്യമാണ് ഉള്ളത്. . ഇത് സംബന്ധിച്ച് സമീപകാലത്ത് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ സ്ഥാപനങ്ങളുടെ നിലനിൽപ്പിനു ഭീഷണിയും ന്യൂനപക്ഷാവകാശങ്ങളുടെ ലംഘനവുമാണ്. ഇത് സംബന്ധിച്ച് സർക്കാർ പുനർവിചിന്തനം നടത്തണം.

4. ഗവൺമെന്റ് സീറ്റുകളിൽ ഒഴിവു വരുന്നവയിൽ പ്രവേശനം നൽകാൻ മാനേജ്മെന്റിന് അനുവാദം നൽകണം. അത്തരം സീറ്റുകൾ നഷ്ടപ്പെടുന്നതിനാൽ കോളേജുകൾക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു എന്നു മാത്രമല്ല പല കുട്ടികൾക്കും വിദ്യാഭ്യാസ അവസരങ്ങൾ നഷ്ടപ്പെടുകയും ചെയ്യുന്നു.

5. സ്വാശ്രയ സ്ഥാപനങ്ങളെ വലിയ കോർപ്പറേറ്റ് കമ്പനികൾക്കു തുല്യമായി കണക്കാക്കാതെ പിൻതുണയ്ക്കാൻ സർക്കാർ തയ്യാറാകണം. വിവിധ ഗ്രാൻഡുകൾ അനുവദിക്കണം. പഞ്ചായത്തുകൾ ഭീമമായ കരം ഈടാക്കുകയും കെ എസ് ഇ ബി ഭീമമായ വൈദ്യുതി

ചാർജ്ജ് ഈടാക്കുകയും ചെയ്യുന്നു. ഇവ ഒഴിവാക്കി ഈ സംരംഭങ്ങളെ സഹായിക്കാൻ സർക്കാർ തയ്യാറാകണം. .

6.സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തും മറ്റ് ഉന്നത വിദ്യാഭാസ രംഗങ്ങളിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കണം.

സ്വാശ്രയ സ്ഥാപനങ്ങളുടെ യഥോചിതമായ നടത്തിപ്പിനു വീഴ്ച സംഭവിക്കുന്നത് ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമാകുന്നതിനാൽ ബഹു. കമ്മീഷൻ ഉചിതമായ നടപടികൾ സംസ്ഥാന സർക്കാരിന്റെ മുമ്പാകെ നിർദ്ദേശിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# K എയ്ഡഡ് ഉന്നതവിദ്യാഭ്യാസം

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെബി കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങളായ എയ്ഡഡ് കോളേജുകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ സംബന്ധിച്ച് :

ക്രൈസ്തവ ന്യൂനപക്ഷ വിഭാഗത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉള്ള പുരോഗതി ലക്ഷ്യമാക്കിയാണ് സഭകൾ ന്യൂനപക്ഷ പദവിയോടെ എയ്ഡഡ് കോളേജുകൾ നടത്തി വരുന്നത്. എന്നാൽ യൂണിവഴ്സിറ്റികൾ കൊണ്ടുവരുന്ന പല നിയന്ത്രണങ്ങളും ഈ ലക്ഷ്യത്തിനു മങ്ങലേൽപ്പിക്കുന്നു. ഈ മേഖലയുമായി ബന്ധപ്പെട്ട ഏതാനും വിഷയങ്ങൾ ബഹു.കമ്മീഷന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

1. വിദ്യാർത്ഥികൾക്കുള്ള ഫീസ് ആനുകൂല്യങ്ങൾ, ഇ ഗ്രാൻഡ് എന്നിവ

1972 ലെ ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ് അനുസരിച്ചു സർക്കാർ മാനേജ്മെന്റുകൾക്ക് നൽകിയിരിക്കുന്ന അവകാശങ്ങളിൽപ്പെട്ട ഒന്നാണ് കോളേജ് മാനേജ്മെന്റിന്റെ സമൂഹത്തിൽ നിന്ന് യോഗ്യത അനുസരിച്ചു പ്രവേശനം നൽകാനുള്ള അധികാരം. ഇങ്ങനെ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കാലങ്ങളായി ഫീസ് ആനുകൂല്യം ലഭ്യമായിരുന്നു. എന്നാൽ സമീപ കാലത്ത് കമ്മ്യൂണിറ്റി മെറിറ്റ്, മാനേജ്മെന്റ് ക്വോട്ടാ സംവിധാനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യവും ഇ ഗ്രാൻഡ്സും നിഷേധിക്കുന്നു. ഈ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനുള്ള ശുപാർശ നൽകണം.

2. 1972 ലെ ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ് പ്രകാരം സ്റ്റാഫിന്റെ അപ്പോയിൻമെന്റ് നടത്താനുള്ള അധികാരം മാനേജ്മെന്റിന് ഉണ്ട്. എന്നാൽ യോഗ്യതാ മാനദണ്ഡങ്ങൾ നിരന്തരം പുനർനിർണയിക്കുന്നതിനാൽ ഈ സ്വാതന്ത്ര്യത്തിന്റെ വിനിയോഗത്തിൽ കൈകടത്തൽ ഉണ്ടാകുന്നു. വിവിധ തസ്തികളിലേക്ക് ഉള്ള നിയമന സമിതികളിൽ സർക്കാർ പ്രതിനിധികളുടെ എണ്ണം കൂടിവരുന്നത് മാനേജ്മെന്റിന്റെ അവകാശത്തിലുള്ള

കൈകടത്തലായിമാറുന്നു. ഈ വിഷയത്തിൽ പഴയ നില പുനഃസ്ഥാപിക്കണം. അല്ലാത്തപക്ഷം ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നും ന്യൂനപക്ഷ താല്പര്യം സംരക്ഷിക്കുമെന്ന് ഉറപ്പുള്ള വ്യക്തികളെ കണ്ടെത്തുക ബുദ്ധിമുട്ടായി തീരും.

3. എയ്ഡഡ് കോളേജ് പ്രിൻസിപ്പൽ ആയി നിയമിതനാകുവാൻ യോഗ്യതയുള്ള ഒരു അധ്യാപകനെ പ്രൊമോഷൻ നൽകി പ്രിൻസിപ്പാൾ ആയി നിയമിക്കാനുള്ള അവകാശം (1972 ലെ ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ് പ്രകാരം ) മാനേജ്മെന്റുകൾക്ക് ഉള്ളതാണ്. അത്തരം പ്രൊമോഷനുകൾക്ക് യു ജി സി റെഗുലേഷൻസ് 2018 പ്രകാരമുള്ള യോഗ്യത അംഗീകരിക്കുകയും ചെയ്യുന്നു. എന്നാൽ പ്രിൻസിപ്പൽ പോസ്റ്റിലേക്ക് നേരിട്ട് നിയമനം നടത്തുമ്പോൾ പാലിക്കേണ്ട സുദീർഘ നടപടികൾ പ്രൊമോഷൻ നിയമനത്തിൽ ബാധകമാക്കിയത് സ്ഥാപനത്തിന്റെ ഉത്തമ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുകയും കാലതാമസത്തിന് ഇടയാക്കുകയും ചെയ്യുന്നു. സ്ഥാപനത്തിൽ എറ്റവും സീനിയറായ വ്യക്തി ന്യൂനപക്ഷ താൽപര്യങ്ങൾ സംരക്ഷിക്കുമെന്ന് മാനേജ്മെന്റിന് ഉറപ്പില്ലാത്ത സാഹചര്യങ്ങൾ ഉണ്ടാവാം. ന്യുനപക്ഷ സ്ഥാപനങ്ങളിലെ പ്രിൻസിപ്പലും അദ്ദേഹത്തിന്റെ അഭാവത്തിൽ പ്രിൻസിപ്പൽ ഇൻ ചാർജ് ഉം സ്ഥാപനത്തിന്റെ നടത്തിപ്പിൽ സർവ്വ പ്രധാനം ആണെന്നിരിക്കെ ഏറ്റവും സീനിയർ ആയ വ്യക്തിയെ മാത്രമേ പ്രിൻസിപ്പൽ ഇൻ ചാർജ് ആയി നിയമിക്കാവൂ എന്ന എം ജി യൂണിവേഴ്സിറ്റിയിൽ മാത്രമുള്ള നിബന്ധന ഭരണ ഘടന ഉറപ്പ് നൽകുന്ന ന്യുനപക്ഷ അവകാശങ്ങളുടെ ലംഘനമാണ്.

4. ഓട്ടോണമസ് കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും ക്രഡിറ്റുകൾ നിശ്ചയിക്കുന്നതിനും UGC സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. എന്നാൽ യൂണിവേഴ്സിറ്റികൾ പുതിയ പുതിയ നിയമങ്ങൾ കൊണ്ടു വരുന്നത് ഇതിനു തടസമായി മാറുന്നു. ഈ അവസ്ഥ പരിഹരിക്കണം.

ക്രൈസ്തവ സമൂഹത്തിന്റെ വിദ്യാഭാസ പുരോഗതിയെ ലക്ഷ്യമാക്കി ഈ വിഷയങ്ങളിൽ നടപടികൾ സ്വീകരിക്കാൻ ബഹു. കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യണം.

# L. മെഡിക്കൽ വിദ്യാഭ്യാസം - ആരോഗ്യക്ഷേമം

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ ബി കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: ആതുരശുശ്രൂഷ മേഖലയിൽ പ്രവർത്തിക്കുന്ന ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ സംബന്ധിച്ച് :

ആരോഗ്യരംഗത്ത് ക്രൈസ്തവ സഭകൾ ധാരാളം സ്ഥാപനങ്ങൾ നടത്തി വരുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും നിലവാരം ഉള്ളതും ചെലവ് കുറഞ്ഞതുമായ ആതുരശുശ്രൂഷാ സംവിധാനം കേരളത്തിൽ ലഭ്യമായിരിക്കുന്നതിന്റെ പ്രധാന കാരണം ഈ രംഗത്തുള്ള ക്രൈസ്തവ സഭകളുടെ സേവനമാണ് . ഇത് കേരളത്തിന്റെ ആരോഗ്യ പുരോഗതിക്കും സാമ്പത്തിക പുരോഗതിക്കും

കാരണമായിട്ടുണ്ട്. എന്നാൽ നിലവിൽ ഈ മേഖല വളരെയധികം പ്രതിസന്ധികളെ നേരിടുന്നുണ്ട്. അവ ബഹു കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കുന്നു.

1.ക്രൈസ്തവ സമുദായാംഗങ്ങൾ ജോലി ചെയ്യുന്ന പ്രധാന മേഖലകളിലൊന്നാണ് ആരോഗ്യരംഗം. ക്രൈസ്തവർ മറ്റു ഏതു മേഖലകളെക്കാളും അധികമായി ഈ മേഖലയിൽ പഠനം നടത്തുകയും ജോലി ചെയ്യുകയും ചെയ്യുന്നു. അതിനാൽ ഈ രംഗത്ത് മതിയായ വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാത്തതും അതിനായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നതും അവസരങ്ങൾ ലഭിക്കാത്തതും ക്രൈസ്തവർക്ക് വിദ്യാഭ്യാസ പിന്നാക്കാവസ്ഥയ്ക്കും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കും കാരണമായിത്തീരുന്നു.

2.ക്രൈസ്തവ സഭകൾ ധാരാളം നഴ്സിംഗ് കോളേജുകൾ നടത്തുന്നുണ്ട്. അവയെല്ലാം ആശുപത്രികളോട് അനുബന്ധിച്ചുള്ളതും ഉചിതമായ സൗകര്യങ്ങൾ ഉള്ളവയുമാണ്. എന്നാൽ ഈ സൗകര്യങ്ങൾക്ക് അനുസരിച്ചുള്ള സീറ്റുകൾ സർക്കാർ അനുവദിച്ചു നൽകുന്നില്ല. അതേ സമയം കേരളത്തിൽ നഴ്സിംഗ് പഠനം ആഗ്രഹിക്കുന്ന ധാരാളം കുട്ടികൾ ഉണ്ട്. ഇവരിൽ പലർക്കും കേരളത്തിന് പുറത്തു പോയി വൻ തുക മുടക്കി വളരെ പരിമിതമായ സൗകര്യത്തിൽ കുറഞ്ഞ നിലവാരത്തിൽ പഠിക്കേതായി വരുന്നു. അതിനാൽ ക്രിസ്ത്യൻ നഴ്സിംഗ് കോളേജുകൾക്ക് അവയുടെ ശേഷിക്ക് അനുസൃതമായി സീറ്റുകൾ അനുവദിച്ചു നൽകാൻ സർക്കാർ തയ്യാറാകണം.

3. സ്വാശ്രയ മെഡിക്കൽ കോളേജുകളിലും നഴ്സിംഗ് കോളേജുകളിലും പാരാ മെഡിക്കൽ കോഴ്സുകളിലും 50% സീറ്റുകൾ സർക്കാരിന് വിട്ടുകൊടുത്തിരിക്കുകയാണ്. ജാതി സംവരണം ബാധകമാക്കിയിട്ടുമുണ്ട്. ഇതിൽ കമ്മ്യുണിറ്റി മെറിറ്റ് 10% മാത്രമാണുള്ളത്. ക്രൈസ്തവർക്ക് ഇത് അപര്യാപ്തമാണ്. സഭാ സ്ഥാപനങ്ങളിലെ മെഡിക്കൽ സീറ്റുകളിൽ സമുദായത്തിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കാതെ വരുന്നു. ആയതിനാൽ അൻപത് ശതമാനം ഗവണ്മെന്റ് സീറ്റിൽ കമ്മ്യുണിറ്റി മെറിറ്റ് 20% ആക്കി ഉയർത്തുന്നത് പരിഗണിക്കണം. കമ്മ്യുണിറ്റി മെറിറ്റിൽ സർക്കാർ പുതിയ നിബന്ധനകൾ കൊണ്ടുവരുന്നതും മാനേജ്മെന്റ് പ്രതിനിധാനം ചെയ്യുന്ന സഭാ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മുൻഗണന ലഭിക്കാത്ത തരത്തിൽ എല്ലാ ക്രിസ്ത്യൻ വിഭാഗങ്ങളെയും ഒരു പോലെ പരിഗണിക്കണമെന്ന നിബന്ധന സ്വീകരിച്ചിരിക്കുന്നതും തികച്ചും അപ്രായോഗികവും സ്ഥാപനത്തിനു വേണ്ടി വിഭവസമാഹരണം നടത്തിയ സമുദായത്തോടുള്ള നീതി നിഷേധവുമാണ്. ഇത് പരിഹരിക്കുന്നതിനുള്ള ശിപാർശ നൽകണം.

4. കേരളത്തിൽ പാരാമെഡിക്കൽ കോഴ്സുകൾ പഠിക്കുന്നതിനുള്ള സൗകര്യം വളരെ കുറവാണ്. എന്നാൽ ധാരാളം കുട്ടികൾ അവയുടെ പഠനത്തിനായി മറ്റ് സംസ്ഥനങ്ങളിലേയ്ക്ക് പോകുന്നു. ക്രൈസ്തവ സഭകൾ ഇത്തരം കോഴ്സുകൾക്കായി നൽകുന്ന അപേക്ഷകൾ നിരസിക്കപ്പെടുകയാണ്. പാരാമെഡിക്കൽ കോഴ്സുകൾക്കുള്ള അംഗീകാരം ക്രിസ്ത്യൻ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകുകയാണെങ്കിൽ അത് ധാരാളം വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമായിരിക്കും.

5. അടുത്തകാലത്തായി ഉണ്ടായ നഴ്സിംഗ് സമരം പോലെയുള്ള പ്രതിസന്ധികൾ കാരണം സഭയുടെ അനേകം ചെറിയ ആശുപത്രികളും ഡിസ്പൻസറികളും അടച്ചു പൂട്ടേണ്ടതായ സാഹചര്യങ്ങൾ വന്നിട്ടുണ്ട്. ഇത്തരം ആശുപത്രികളുടെ പരാജയം കോർപ്പറേറ്റ് സെക്ടറുകളുടെ വളർച്ചയ്ക്ക് വഴിവയ്ക്കുകയും ആളുകളുടെ ചികിത്സാ ചെലവ് വർദ്ധിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. അതിനാൽ ഈ ആശുപത്രികൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള സഹായം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

6. കോർപ്പറേറ്റ് സെക്ടറുകളെയും ക്രിസ്ത്യൻ മിഷൻ ഹോസ്പിറ്റലുകളെയും സർക്കാർ ഒരേ തരത്തിൽ കാണുന്നതിനാൽ മിഷൻ ആശുപത്രികളുടെ നടത്തിപ്പ് ബുദ്ധിമുട്ടിലാണ്. അതിനാൽ ജി എസ് ടി യിലും മറ്റും ഇളവുകൾ പോലെയുള്ള നടപടികൾ ഉണ്ടാകുന്നതിന് ശുപാർശ ചെയ്യണം.

7. സർക്കാർ പലപ്പോഴും ഹോസ്പിറ്റൽ മേഖലയുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുന്നത് കോർപ്പറേറ്റ് ഹോസ്പിറ്റൽ മാനേജ്മെന്റുകളുമായാണ്. ചർച്ചകളിലും നയപരമായ തീരുമാനങ്ങളിലും CHAI പോലെയുള്ള ക്രിസ്ത്യൻ ഹോസ്പിറ്റൽസ് അസോസിയേഷനുകൾക്ക് അർഹമായ പ്രാധാന്യം സർക്കാർ നൽകുന്നില്ലെന്നത് അനീതിയാണ്.

8. എം ബി ബി എസിലും മറ്റ് മെഡിക്കൽ വിദ്യാഭാസ കോഴ്സുകളിലും കഴിഞ്ഞ കുറേ വർഷങ്ങളായി ക്രൈസ്തവർക്ക് അഡ്മിഷൻ ലഭിക്കുക വളരെ ബുദ്ധിമുട്ടായി തീർന്നിരിക്കുകയാണ്. സംവരണം ഇല്ല എന്നതാണ് പ്രധാന പ്രശ്നം. ഇത് പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കണം.

9. സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തും മറ്റ് ഉന്നത വിദ്യാഭാസ രംഗങ്ങളിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കണം.

ഈ വിഷയങ്ങൾ ബഹു.കമ്മീഷൻ പരിഗണിക്കണമെന്നും സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

# സാമൂഹികക്ഷേമം

# M. ക്ഷേമം - സ്പെഷ്യൽ സ്കൂളുകൾ

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ ബി കോശി കമ്മീഷൻ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങളായ സ്പെഷ്യൽ സ്കൂളുകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ സംബന്ധിച്ച് :

ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ക്രൈസ്തവ സഭകൾ സ്പെഷ്യൽ സ്കൂളുകൾ ആരംഭിച്ച് നടത്തുന്നുണ്ട്. സുവിശേഷത്തിന്റെ സ്നേഹചൈതന്യം ഉൾക്കൊണ്ട ക്രൈസ്തവ സഭകളാണ് മറ്റാരെയുംകാൾ ആദ്യം ഈ പ്രസ്ഥാനം ആരംഭിച്ചതും ഏറ്റവും കൂടുതൽ നടത്തുന്നതും അതിനാൽ ഈ മേഖലയിൽ നേരിടുന്ന വെല്ലുവിളികൾ ഏറ്റവും കൂടുതലായി ബാധിക്കുന്നത് ക്രൈസ്തവ സ്ഥാപനങ്ങളെയാണ്. ഈ സ്ഥാപനങ്ങളോട് അനുഭാവപൂർണമായ സമീപനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഇവയുടെ നിലനിൽപ്പിന് ആവശ്യമായ ഏതാനം നിർദ്ദേശങ്ങൾ ബഹു.കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കുന്നു.

1. സർക്കാർ തലത്തിൽ ധാരാളം ബഡ് സ്കൂളുകൾ (Gov. Special School) ആരംഭിക്കുന്നുണ്ട്. സ്പെഷ്യൽ സ്കൂളുകൾ നിലവിലുള്ള സ്ഥലങ്ങളിൽ പോലും ഇപ്രകാരം ധാരാളം ബഡ് സ്കൂളുകൾ ആരംഭിക്കുന്നതുമൂലം നിലവിലുള്ള സ്കൂളുകൾക്ക് നിലനിൽപ്പ് ബുദ്ധിമുട്ടായി തീരുന്നു. അതിനാൽ നിലവിൽ സ്പെഷ്യൽ സ്കൂളുകൾ ഉള്ള സ്ഥലങ്ങളിൽ അവയുടെ സേവനം പരിഗണിച്ച് ബഡ് സ്കൂളുകൾ ആരംഭിക്കുന്നത് ഒഴിവാക്കണം.സ്പെഷ്യൽ സ്കൂൾ സൗകര്യങ്ങൾ ഇല്ലാത്ത മേഖലകളിൽ ബഡ് സ്കൂളുകൾ സ്ഥാപിക്കുന്നത് കൂടുതൽ പ്രയോജനകരമാകും.

2. സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ ഗ്രാൻഡുകൾ നൽകുന്നുണ്ട്. എന്നാൽ ജീവനക്കാർക്കും അധ്യാപകർക്കും സാലറി നൽകുന്ന സംവിധാനം ആരംഭിച്ചിട്ടില്ല. ഇത് വളരെ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. അതിനാൽ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള സർക്കാർ തീരുമാനം ഉണ്ടാകണം.

3. എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും സ്പെഷ്യൽ സ്കൂളുകളെ സോഷ്യൽ വെൽഫയർ ഡിപ്പാർട്ട്മെന്റിലേക്ക് മാറ്റാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. സ്പെഷ്യൽ സ ്കൂളുകളുടെ ഗവ.അംഗീകാരം പുതുക്കുന്നതിനുള്ള രേഖകൾ ഇതുവരെ വിദ്യാഭ്യാസ വകുപ്പിനാണ് കൈമാറിയിരുന്നതെങ്കിൽ അത് ഇനി മുതൽ സോഷ്യൽ വെൽഫയർ ഡിപ്പാർട്ട്മെന്റിന് കൈമാറണമെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. ഇത് ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാർത്ഥികൾ എന്ന നിലയിൽ സർക്കാർ പരിഗണിക്കുന്നില്ല എന്ന ധാരണ ഉളവാക്കുന്നു. ഈ മാറ്റം തിരുത്തപ്പെടണം.

4. പുതിയതായി ധാരാളം കെയറിംഗ്, തെറാപ്പി സെന്ററുകൾ സ്വകാര്യ വ്യക്തികൾ ആരംഭിക്കുന്നുണ്ട്. ഇവയിൽ പലതും സർക്കാർ അംഗീകാരമില്ലാത്തതും നടത്തിപ്പുകാരായ വ്യക്തികൾക്ക് വേണ്ടത്ര യോഗ്യത ഇല്ലാത്തതുമാണ്. ഈ മേഖലയിൽ കൃത്യമായ നിയന്ത്രണം സർക്കാർ കൊണ്ടുവന്നില്ലെങ്കിൽ നിലവിലുള്ള സ്പെഷ്യൽ സ്കൂളുകളുടെ നിലനിൽപ്പ് അപകടത്തിലാകുമെന്ന് മാത്രമല്ല ഈ മേഖലയിൽ ലാഭേച്ഛ കടന്നുകൂടുന്നതിനും ഇടയാക്കും.

ഈ നിർദ്ദേശങ്ങൾ ബഹു.കമ്മീഷൻ സംസ്ഥാന സർക്കാരിന്റെ മുമ്പാകെ സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## N. ക്ഷേമം -ഓർഫനേജുകൾ

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങളായ
ഓർഫനേജുകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ സംബന്ധിച്ച് :

അനാഥരും ദരിദ്രരുമായ കുട്ടികൾക്കായുള്ള ഓർഫനേജുകൾ ക്രൈസ്തവ സഭകൾ നടത്തി വരുന്നു. ഈ കുട്ടികളുടെ സാമൂഹിക, വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യമാണ് ഈ സ്ഥാപനങ്ങൾക്കുള്ളത്. ഇവ നേരിടുന്ന ഏതാനം പ്രശ്നങ്ങൾ ബഹു.കമ്മീഷന്റെ ശ്രദ്ധയ്ക്കായി സമർപ്പിക്കുന്നു.

1. ഓർഫനേജുകൾക്ക് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നുണ്ടെങ്കിലും തുക പൂർണ്ണമായി ലഭിക്കുന്നില്ല

2. കുട്ടികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സർക്കാർ നിരന്തരം ആവശ്യപ്പെടുന്നുണ്ട്. എന്നാൽ അതിനുള്ള ഫണ്ടുകൾ ലഭിക്കുന്നില്ല.

3. കൂടുതൽ സ്റ്റാഫിനെ നിയമിക്കണമെന്ന് സർക്കാർ നിരന്തരം ആവശ്യപ്പെടുന്നുണ്ട്. എന്നാൽ സാലറി കൊടുക്കുന്നതിനുള്ള സംവിധാനം ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

4. OCB Board സ്ഥാപിക്കും എന്ന് സർക്കാർ തീരുമാനമുണ്ടെങ്കിലും നടപ്പിലായിട്ടില്ല.

ഈ വസ്തുതകൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ബഹു.കമ്മീഷനോട് അഭ്യർത്ഥിക്കുന്നു.

## O. ക്ഷേമം - കെയർ ഹോമുകൾ

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങളായ ഓർഫനേജുകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ സംബന്ധിച്ച്:

അനാഥരും വൃദ്ധരും വികലാംഗരുമായ വ്യക്തികൾക്കായി ക്രൈസ്തവ സഭകൾ ക്രിസ്തു ചൈതന്യത്തിൽ പ്രേരിതമായി ധാരാളം കെയർ ഹോമുകൾ നടത്തി വരുന്നു. ഈ സ്ഥാപനങ്ങൾ നിരവധിയായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. അവ ബഹു. കമ്മീഷന്റെ ശ്രദ്ധയ്ക്കായി സമർപ്പിക്കുന്നു.

1.കെയർ ഹോമുകൾക്ക് സർക്കാർ ഗ്രാൻഡ് അനുവദിക്കുന്നുണ്ടെങ്കിലും പലപ്പോഴും പകുതി തുക മാത്രമേ ലഭിക്കുന്നുള്ളൂ. ഇത് പൂർണ്ണമായി ലഭിച്ചെങ്കിൽ മാത്രമേ ഇവ സുഗമമായി മുമ്പോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.

2. കെയർ ഹോമുകൾക്ക് സർക്കാർ മെഡിസിൻ അനുവദിക്കുന്നുണ്ടെങ്കിലും പലപ്പോഴും സർക്കാർ സ്ഥാപനങ്ങളിൽ ഉള്ളവ മാത്രമേ ലഭിക്കുന്നുള്ളൂ. രോഗികൾക്ക് ആവശ്യമുള്ള എല്ലാ മരുന്നുകളും ലഭ്യമാക്കണം.

3. കെയർ ഹോമുകളിലെ അന്തേവാസികൾക്ക് ലാബ് ടെസ്റ്റുകൾ മെഡിക്കൽ സൂപ്രണ്ടിന്റെ അനുവാദത്തോടെ മാത്രമാണ് സൗജന്യമായി ലഭിക്കുന്നത്. എന്നാൽ പലപ്പോഴും ഇത് ലഭിക്കാൻ ബുദ്ധിമുട്ടാണ്. ഇവ നേരിട്ട് സൗജന്യമായി ലഭ്യമാക്കാൻ സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണം.

4. കെയർ ഹോമുകളിൽ നിലവിൽ പത്ത് അന്തേവാസികൾക്ക് ഒരു സ്റ്റാഫ് എന്ന നിലയിലാണ് സർക്കാർ നിബന്ധന. ഇത് ഇത്തരം സ്ഥാപനങ്ങൾക്ക് വലിയ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഈ നിബന്ധനയിൽ ഇളവ് അനുവദിക്കണം.

5. കെയർ ഹോമുകളിലെ അന്തേവാസികൾക്കും വാർദ്ധക്യ പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കണം.

അശരണരായ വ്യക്തികൾക്കു വേണ്ടി ക്രൈസ്തവ സഭകൾ നടത്തുന്ന ഈ പ്രവർത്തനങ്ങളോട് സർക്കാരിന്റെ ആത്മാർത്ഥമായ സഹകരണം ഉണ്ടാകാൻ ബഹു. കമ്മീഷൻ ശുപാർശ ചെയ്യണം.

## P. പ്രവാസിക്ഷേമം

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: കേരളത്തിൽ നിന്നുള്ള പ്രവാസി ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച്:

കാർഷിക മേഖലയുടെ തകർച്ച, സർക്കാർ ജോലികൾ ലഭിക്കുന്നില്ലാത്ത സാഹചര്യം, വ്യവസായ മേഖലയുടെ അഭാവം, തൊഴിലില്ലായ്മ, എന്നിങ്ങനെ വിവിധകാരണങ്ങളാൽ പ്രവാസജീവിതം തെരെഞ്ഞെടുക്കുന്ന ക്രൈസ്തവരുടെ സംഖ്യ വർദ്ധിച്ചു വരുന്നു.

കേരളസർക്കാർ കണക്ക് അനുസരിച്ച് 30ലക്ഷത്തിൽപരം മലയാളികൾ ഗൾഫ് നാടുകളിലും പാശ്ചാത്യ നാടുകളിലും ജോലി ചെയ്യുന്നു. അതിൽ നല്ലൊരു ശതമാനം ആളുകൾ വിവിധ ക്രൈസ്തവ വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. ഈ സമൂഹം നേരിടുന്ന വിവിധ പ്രയാസങ്ങളെ സംബന്ധിച്ച നിവേദനം ബഹു.കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കുന്നു.

1. പുതുതലമുറ വിദേശത്തേക്ക് കുടിയേറുകയോ, പ്രവാസികളായി മാറുകയോ ചെയ്യുന്നതിനാൽ കേരളത്തിൽ നിലനിൽക്കുന്ന ക്രൈസ്തവ സമൂഹത്തിൽ പ്രായംചെന്നവരുടെ അനുപാതം ഉയർന്നതാണ്. ഒറ്റയ്ക്കു താമസിക്കുന്ന മാതാപിതാക്കൾ, ആശ്രയമില്ലാതെയുള്ള വൃദ്ധജനങ്ങൾ എന്നിങ്ങനെയുള്ളവരെ സംരക്ഷിക്കുന്നതിൽ കേരളത്തിലെ ക്രൈസ്തവ സമൂഹം നേരിടുന്ന വെല്ലുവിളികൾ വളരെയാണ്. ഇപ്രകാരം ഒറ്റപ്പെട്ടു പോകുന്ന വൃദ്ധ ജനങ്ങൾക്കായി പ്രത്യേക കരുതൽ പദ്ധതികൾ തയ്യാറാക്കാൻ സർക്കാർ സന്നദ്ധമാകണം. ജനമൈത്രി പോലീസ് സംവിധാനത്തിന്റെ ഭാഗമായി ഹോം സെക്യൂരിറ്റി അലാറം പോലെയുള്ള സൗകര്യം കൂടുതൽ അനുവദിക്കണം.

2. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവാസികളുടെ മക്കൾക്ക് അഡ്മിഷൻ ലഭിക്കുവാൻ NRI പേയ്മെന്റ് സീറ്റുകൾ ആണ് ആശ്രയം. ഈ തുക പല മാതാപിതാക്കൾക്കും താങ്ങാവുന്നതിലധികമാണ്. തൽഫലമായി പ്രവാസികളായ നിരവധി ക്രൈസ്തവ മാതാപിതാക്കൾക്കും മക്കളുടെ ഉന്നത വിദ്യാഭ്യാസം ബാലികേറാ മലയായി മാറിയിരിക്കുന്നു .അതിനാൽ NRI പേയ്മെന്റ് സീറ്റിൽ താഴ്ന്ന വരുമാനക്കാരായ ക്രൈസ്തവ സമുദായാംഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ ഏർപ്പെടുത്തണം.

3. കേരളത്തിൽ നിലനിൽക്കുന്ന അസന്തുലിതമായ സംവരണ നയവും, ന്യൂനപക്ഷ മേഖലയിലെ 80:20 പോലെയുള്ള തെറ്റായ സമവാക്യങ്ങളും മൂലം ക്രൈസ്തവർ മുഖ്യ ധാര മത്സര പരീക്ഷകളിൽ നിന്നും ജോലികളിൽനിന്നും മാറ്റി നിർത്തപ്പെടുന്നു. ഇത് ക്രൈസ്തവരുടെ പ്രവാസി വൽക്കരണത്തിന് വലിയ തോതിൽ കാരണമാകുന്നു. ഉയർന്ന വിദ്യാഭ്യാസ ചെലവിൽ പഠനം പൂർത്തിയാക്കിയ തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാവശ്യമായ പരിശീലനകേന്ദ്രങ്ങൾ തുടങ്ങുവാൻ ക്രൈസ്തവ സമുദായ ത്തിന് അവസരം നൽകണം. യുവജനങ്ങൾക്ക് ആവശ്യമായ സിവിൽ സർവീസ് കോച്ചിങ്

സെൻറർ, പിഎസ് സി കോച്ചിങ് സെന്ററുകൾ എന്നിവ തുടങ്ങുവാനും പരിപാലിക്കുവാനുമുള്ള സഹായസഹകരണങ്ങൾ നൽകണം.
4. പ്രവാസനാടുകളിൽ മലയാള ഭാഷാ പഠന പദ്ധതി ആരംഭിക്കുന്നതിനു മുമ്പ് വിദ്യാഭ്യാസം പൂർത്തീകരിക്കേണ്ടി വന്ന യുവതീ യുവാക്കൾക്ക് സർക്കാർജോലികൾ നേടുന്നതിനായി മലയാളഭാഷ പരിശീലനപദ്ധതികൾ ആരംഭിക്കണം.'

5. അഭ്യസ്ത്യവിദ്യരായ സമുദായാംഗങ്ങൾക്കു തൊഴിൽ പ്രസ്ഥാനങ്ങൾ തുടങ്ങുവാൻ എന്റർപ്രെണർഷിപ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. ഇപ്രകാരം ചെയ്യുന്നത് പ്രവാസി വൽക്കരണം ഒരു പരിധി വരെ കുറയ്ക്കാൻ സഹായിക്കും.

6. തുച്ഛവരുമാനക്കാരായ പ്രവാസ ക്രൈസ്തവർ മരണപ്പെട്ടാൽ അവരുടെ മൃതശരീരം നാട്ടിലേക്ക് കൊണ്ടുവരുവാൻ പണമില്ലാതെ വരുന്ന സാഹചര്യം നിലവിലുണ്ട് . മരണപ്പെടുന്ന പ്രവാസികളുടെ കുടുംബങ്ങളുടെ അവസ്ഥ വളരെ ദയനീയമാകുന്നു. പ്രവാസ നാട്ടിൽ വച്ചുണ്ടാകുന്ന അപകടങ്ങളുടെ ഫലമായി ഗുരുതരാവസ്ഥയിലേക്കും അംഗവിഹീനതയിലേക്കും പോകുന്ന പ്രവാസികൾക്ക് ജീവിതം ദുസ്സഹമായിത്തീരുന്നു . വിദേശത്ത് മരണമടയുന്നവരുടെ മൃതശരീരങ്ങൾ നാട്ടിലെത്തിക്കുവാൻ സാമ്പത്തിക സഹായപദ്ധതികളും, അംഗവിഹീനതയും സ്ഥിരമായ രോഗാവസ്ഥയും അനുഭവിക്കുന്ന പ്രവാസ ക്രൈസ്തവർക്കു പ്രത്യേക ക്ഷേമപദ്ധതികളും ആവിഷ്ക്കരിക്കണം.ന്യുനപക്ഷ ധനകാര്യ കോർപറേഷൻ വഴി പലിശ രഹിത ലോണുകൾ അനുവദിക്കണം.

7. ഗൾഫ് നാടുകളിൽ ജോലിക്കായി പോകുന്നതിനായി എടുക്കുന്ന ബാങ്ക് ലോൺ ഒരു പ്രവാസിയുടെ ജീവിത കാലം മുഴുവൻ തുടർന്ന് പോകുന്നതായി കാണുന്നു. ഭവന വായ്പ, , മക്കളുടെ വിവാഹത്തിനായി വായ്പാ എന്നിങ്ങനെ വിവിധ ലോണുകളാൽ പ്രവാസിയുടെ ജീവിതം ദുരിതമായിത്തീരുന്നു. ക്രൈസ്തവ പ്രവാസികൾക്ക് ഭവനവായ്പ വിദ്യാഭ്യാസവായ്പ, വിവാഹസഹായപദ്ധതി എന്നിവയ്ക്ക് പ്രത്യേക പാക്കേജുകൾ തയ്യാറാക്കണം.

8. കേരളത്തിൽ നിന്നും ധാരാളം ആളുകൾ ക്രൈസ്തവരുടെ വിശുദ്ധ നാടുകളിലേക്ക് തീർത്ഥടനം നടത്തുന്നുണ്ട്. ഇനിയും ധാരാളം വിശ്വാസികൾ തീർത്ഥടനത്തിനായി പോകുവാനും ആഗ്രഹിക്കുന്നുണ്ട്. എന്നാൽ അതിനു ആവശ്യമായ വലിയ ചെലവുകൾ സാധാരണക്കാരായ വിശ്വാസികൾക്ക് താങ്ങാവുന്നതിലും അധികമാണ്. അതുകൊണ്ട് പലർക്കും തീർത്ഥടനം നടത്തുവാൻ സാധിക്കാതെ വരുന്നു വിശുദ്ധ നാടുകളിലേക്ക് തീർഥാടനം നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് ഹജ്ജ് സബ്സിഡി മാതൃകയിൽ ഗവണ്മെന്റ് ഗ്രാന്റ് അനുവദിക്കണം.

ക്രൈസ്തവ യുവജനങ്ങൾ ഇതര രാജ്യങ്ങളിലേക്ക് കുടിയേറുന്നതിനാൽ ഡെമോഗ്രാഫിക് അസന്തുലിതാവസ്ഥക്കു കാരണമാകുന്നു. യുവതലമുറയെ കേരളത്തിൽ തന്നെ കഴിയുവാൻ അനുവദിക്കുന്ന സാഹചര്യങ്ങൾ ഉളവാക്കിയെടുക്കുവാൻ സർക്കാർതലത്തിൽ

ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നത് ഈ സമൂഹത്തെ സംരക്ഷിക്കുന്നതിന് ഒരു പരിധി വരെ സഹായകരമാണ്. സാമൂഹ്യ, സാമ്പത്തിക- വിദ്യാഭ്യാസരംഗങ്ങളിൽ പിന്നാക്കാവസ്ഥയിലായതുമൂലം പ്രവാസി വൽക്കരിക്കപ്പെട്ട് ശോഷിച്ചു കൊണ്ടിരിക്കുന്ന ക്രൈസ്തവസമൂഹത്തെ പ്രത്യേകിച്ച് പ്രവാസ ക്രൈസ്തവരെ കൈപിടിച്ചുയർത്തുവാൻ വിവിധക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ബഹു. കമ്മീഷൻ സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

# Q. ക്ഷേമം - ഉൾനാടൻ മൽസ്യത്തൊഴിലാളികൾ

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: ഉൾനാടൻ മൽസ്യത്തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്:

കുട്ടനാട്ടിലും നദി, കായൽ പ്രദേശങ്ങളിലും മത്സ്യബന്ധനം നടത്തുന്ന ഉൾനാടൻ മൽസ്യത്തൊഴിലാളികളിൽ വലിയ ഒരുവിഭാഗം സീറോമലബാർ സഭയിൽപ്പെട്ട ക്രൈസ്തവരാണ്. ഈ മേഖലയിൽ ഉള്ളവർ സ്വതവേ സാമ്പത്തികമായും വിദ്യാഭ്യാസ പരമായും പിന്നാക്കാവസ്ഥയിലുള്ളവരാണ്.വിവിധങ്ങളായ പ്രതിസന്ധികൾ പിന്നാക്കാവസ്ഥ രൂക്ഷമാക്കുന്നു. അതിനാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ നിലനില്പിനും ക്ഷേമത്തിനും ആവശ്യമായ കാര്യങ്ങൾ ബഹു.കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കുന്നു.

1. ഉൾനാടൻ ജലസഞ്ചയങ്ങളിൽ പോളകൾ നിറയുന്നതിനാൽ മത്സ്യ ബന്ധനം വളരെ ബുദ്ധിമുട്ടായി തീരുന്നു. മാത്രമല്ല മലിനീകരണം വർദ്ധിക്കുകയും കൊതുകുകളും മറ്റും പെരുകുകയും ചെയ്യുന്നു. അതിനാൽ പോള നിർമ്മാർജ്ജനത്തിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

2. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വളരെയധികം കുറഞ്ഞു വരുന്നു. മുൻകാലങ്ങളിൽ ഫിഷറീസ് വകുപ്പ് തന്നെ മത്സ്യ കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിക്കുമായിരുന്നു. ഏതാനം വർഷങ്ങളായി ഇതു നിലച്ചിരിക്കുകയാണ്.ഈ പദ്ധതി ഉടൻ പുനഃരാരംഭിക്കണം.

3. ഉൾനാടൻ മൽസ്യത്തൊഴിലാളികൾക്ക് ഇൻഷുറൻസ് പദ്ധതി ആരംഭിക്കണം. തൊഴിൽ സംബന്ധമായ വളരെ അപകടങ്ങൾ ഉള്ള മേഖലയാണ് ഇത്. കൂടാതെ വള്ളവും വലയും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ന്യുനപക്ഷ ധനകാര്യ കോർപ്പറേഷൻ വഴി ലോണുകൾ അനുവദിക്കണം.

4. ഉൾനാടൻ മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രത്യേക വിദ്യാഭ്യാസ സഹായ പദ്ധതികൾ, സ്കോളർഷിപ് എന്നിവ ന്യുനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ ഏർപ്പെടുത്തണം.

ഉൾനാടൻ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹു.കമ്മീഷൻ സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്യണം.

## R. ക്ഷേമം - ചെറുകിട കച്ചവടക്കാർ

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ ബി കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: ചെറുകിട കച്ചവടക്കാരുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്:

ചെറുകിട കച്ചവടങ്ങൾക്കൊണ്ട് ഉപജീവനം കഴിക്കുന്ന ധാരാളം ക്രൈസ്തവരുണ്ട്. ഇവർ സ്വതവേ സാമ്പത്തികമായി പിന്നാക്കാവസ്ഥ അനുഭവിക്കുന്ന ഒരു വിഭാഗമാണ്. ഈ വിഭാഗത്തിന്റെ സംരക്ഷണത്തിനായി സർക്കാർ വ്യക്തമായ പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇവരുടെ ഏതാനം ആവശ്യങ്ങൾ ബഹു.കമ്മീഷന്റെ ശ്രദ്ധക്കായി സമർപ്പിക്കുന്നു.

1. ജിയോ മാർട്ട് തുടങ്ങിയ വൻകിട റീടെയിൽ സംരംഭങ്ങളും ഓൺലൈൻ പർച്ചയിസും ഹോം ഡെലിവറിയും മൂലം ചെറുകിട കച്ചവടക്കാർക്ക് കച്ചവടം വളരെയധികം കുറയുന്നു. അതിനാൽ അവരെ ഈ തൊഴിലിൽ നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം

2. വഴിയോര കച്ചവടക്കാർ വർധിച്ചുവരുന്നു. ടാക്സ് ഈടാക്കുന്നില്ലാത്തതിനാൽ ഇവർ വലിയ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് യഥാവിധി ടാക്സ് അടയ്ക്കുന്ന ചെറുകിട കച്ചവടക്കാരോടുള്ള അനീതിയാണ്. അതിനാൽ വഴിയോര കച്ചവടക്കാരെ നിയന്ത്രിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കണം.

3. ക്രൈസ്തവരായ ചെറുകിട കച്ചവടക്കാർ കൂടുതലും വലിയ പലിശയ്ക്ക് ലോണും ചിട്ടിയും മറ്റും എടുത്താണ് കച്ചവടം നടത്തുന്നത് ഇത് ഇവരെ വലിയ കടബാധ്യതകളിലേക്കു തള്ളി വിടുന്നു. അതിനാൽ ഇവർക്ക് ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും മറ്റ് സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണുകൾ അനുവദിക്കണം.

4. ദീർഘനാൾ ലോക് ഡൗണും മറ്റും പ്രഖ്യാപിക്കുമ്പോൾ ചെറുകിട കച്ചവടക്കാർ വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. കടകൾ അടച്ചിടുമ്പോൾ പോലും വാടകയും കറണ്ട് ചാർജ്ജും കൊടുക്കേണ്ടതായി വരുന്നു. ഇത്തരം സാഹചര്യങ്ങളിൽ സർക്കാർ ഇവർക്ക് പ്രത്യേക സഹായങ്ങൾ നൽകണം.

ഈആവശ്യങ്ങൾ അനുഭവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

# S. ക്ഷേമം -നഴ്സിംഗ് മേഖല

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: നഴ്സിംഗ്, ആതുരസേവന മേഖലയിൽ ജോലി ചെയ്യുന്നവരുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്:

ക്രൈസ്തവരുടെ സാന്നിധ്യം വളരെ ഉയർന്ന തോതിലുള്ള ഒരു തൊഴിൽ മേഖലയാണ് ആതുരസേവന മേഖല. ധാരാളം ക്രിസ്ത്യൻ വനിതകൾ നേഴ്സുമാരായി കേരളത്തിലും, ഇതര സംസ്ഥാനങ്ങളിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും സേവനം ചെയ്തു വരുന്നു. എന്നാൽ ഈ മേഖലയിൽ ധാരാളം അരക്ഷിതാവസ്ഥകളും ചൂഷണങ്ങളും നിലനിൽക്കുന്നു. ഇവ ഇവരുടെ കുടുംബങ്ങളുടെ സാമ്പത്തിക പിന്നാക്കാവസ്ഥയ്ക്കും മറ്റ് പ്രശ്നങ്ങൾക്കും കാരണമാകുന്നു. അതിനാൽ ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ ബഹു.കമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1. നഴ്സിംഗ് മേഖലയിലെ ജോലികൾ വളരെ കഠിനമാണ്. വളരെയധികം ക്ഷമയും സഹനശക്തിയും ആവശ്യമുള്ള ഒരു തൊഴിലാണ് ഇത്. രോഗങ്ങളും പകർച്ചവ്യാധികളുമായി ഇടപെടുന്നതുമൂലം ഈ തൊഴിൽ ചെയ്യുന്നവർ വളരെ അരക്ഷിതമായ സാഹചര്യങ്ങളിലൂടെയാണ് കടന്നു പോകുന്നത്. എന്നാൽ ഈ ജോലിയുടെ ബുദ്ധിമുട്ടുകൾക്ക് അനുസൃതമായ വേതനം ഇവർക്ക് ലഭിക്കുന്നില്ല. ഇതെക്കുറിച്ച് വിശദമായ പഠനം നടത്താൻ ബഹു.കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്യണം.

2.കേരളത്തിൽ നഴ്സിംഗ് മേഖലയിൽ ജോലിയെടുക്കുന്നവർക്ക് ക്ഷേമ നിധി ബോർഡ് രൂപീകരിക്കണം. ബോർഡ് ന് കീഴിൽ നേഴ്സ് ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കണം.

3. മാരക രോഗമുള്ളവർ, പകർച്ചവ്യാധികൾ ഉള്ളവർ എന്നിവരെ ചികിത്സിക്കുമ്പോൾ രോഗം പടരാനുള്ള സാധ്യത വളരെ കൂടുതലാണ്. എന്നാൽ ഇതിനു തക്ക ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നില്ല. ഇതിനായി പദ്ധതികൾ ആവിഷ്കരിക്കണം.

4. ഈ മേഖലയിൽ ജോലി ചെയ്യുന്നവർ കൂടുതലും സ്ത്രീകളാണ്. ഇവർക്ക് നൈറ്റ് ഡ്യൂട്ടി ചെയ്യേണ്ടതായും വൈകുന്നേരം, രാത്രി സമയങ്ങളിൽ സഞ്ചരിക്കേണ്ടതായും വരുന്നു. അതിനാൽ ഇവർക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

5. ന്യൂനപക്ഷ വകുപ്പ് നഴ്സിംഗ് വിദ്യാർത്ഥികൾക്കായി നൽകുന്ന മദർ തെരേസ സ്കോളർഷിപ്പ് ഡിപ്ലോമ, പാരാമെഡിക്കൽ കോഴ്സുകൾക്കു മാത്രമാണ് നൽകുന്നത്. ഇതിൽ നിന്ന് നഴ്സിംഗ് ഡിഗ്രി (ബിഎസ് സി നഴ്സിംഗ്) വിദ്യാർത്ഥികളെ ഒഴിവാക്കിയത് തികഞ്ഞ അനീതിയാണ്. അവർക്കായി മറ്റ് പദ്ധതികളൊന്നും തയാറാക്കിയിട്ടുമില്ല. ഈ സ്കോളർഷിപ്പിൽ ബി എസ് സി നഴ്സിംഗ് കൂടി ഉൾപ്പെടുത്താൻ ബഹു. കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്യണം .

6. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിലായി പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ ജോലി ചെയ്യുന്ന നേഴ്സുമാരിൽ വലിയൊരു പങ്ക് കേരളത്തിൽ നിന്നുള്ള ക്രൈസ്തവരാണ്. കേരള ഗവണ്മെന്റ് സ്റ്റാഫ് നേഴ്സ് തസ്തികകളിലേക്കുള്ള അപേക്ഷകൾക്ക് പി എസ് സി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ തികച്ചും അനീതി നിറഞ്ഞതാണ് . ഇതിലെ ഒന്നാമത്തെ വ്യവസ്ഥ പ്രകാരം കേരള നഴ്സിംഗ് കൗൺസലിൽ രജിസ്ട്രഷൻ ഉള്ള നഴ് സുമാർക്ക് മാത്രമേ പി എസ് സി സ്റ്റാഫ് നേഴ്സ് പരീക്ഷയ്ക്ക് യോഗ്യതയുള്ളൂ. ഇന്ത്യൻ നഴ്സിംഗ് കൗൺസലിന്റെ പുതുക്കിയ വ്യവസ്ഥ പ്രകാരം ഒന്നിലേറെ സംസ്ഥന കൗൺസലുകളിൽ നഴ്സുമാർക്ക് രജിസ്ട്രേഷൻ സാധ്യവുമല്ല. ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ക്യാൻസൽ ആയി പോകുന്നതിനാൽ ഇവിടെ പിഎസ് സി പരീക്ഷ എഴുതാൻ സാധിക്കുകയില്ല. മറ്റൊരു വ്യവസ്ഥ പ്ലസ്ടു സയൻസ് ഗ്രൂപ്പിൽ പാസായവർ മാത്രം അപേക്ഷിച്ചാൽ മതി എന്നതാണ്. ഇതു മൂലം മറ്റ് സംസ്ഥാനങ്ങളിൽ പഠിച്ചവർക്കും സർക്കാർ മേഖലയിൽ ഈ തൊഴിൽ അപ്രാപ്യമാകുന്നു എന്നാൽ രാജ്യത്തെ പൊതു നിയമപ്രകാരം ഏതു ഗ്രൂപ്പെടുത്ത് പ്ലസ് ടു പഠിച്ചവർക്കും നഴ്സിംഗ് മേഖലയിൽ സർക്കാർ ജോലി സാധ്യമാണ്. ഇതിന് വിരുദ്ധമായി കേരള പി എസ് സി അനീതിപരമായ ഈ വ്യവസ്ഥകൾ ഉൾപ്പെടുത്തിയതിലൂടെ ക്രൈസ്തവരെ ഈ തൊഴിൽ അവസരങ്ങളിൽ നിന്ന് ബോധപൂർവ്വം ഒഴിവാക്കാനുള്ള ശ്രമമാണന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ബഹു. കമ്മീഷൻ ഈ വിഷയം പരിശോധിക്കുകയും സർകാരിന്റെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്യണം .

മേല്പറഞ്ഞ വിഷയങ്ങൾ ബഹു. കമ്മീഷൻ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ശുപാർശ നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

# T. സെമിത്തേരി വിഷയങ്ങൾ

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി കോശി കമ്മീഷന്റെ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: സെമിത്തേരി, ക്രൈസ്തവ മൃതസംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ:

ഉചിതമായി മൃതസംസ്കാരം നടത്തുക എന്ന ന്യായമായ അവകാശം ചില പ്രദേശങ്ങളിലെങ്കിലും ക്രൈസ്തവർക്ക് ദുഷ്കരമായി തീർന്നിരിക്കുകയാണ്. അതിനാൽ എല്ലാ ക്രിസ്ത്യൻ വിഭാഗങ്ങൾക്കും സെമിത്തേരികൾ നിർമിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും നിയമാനുസൃതമായ സെമിത്തേരികൾക്ക് എതിരെ നടക്കുന്ന അനാവശ്യ പ്രതിഷേധങ്ങളെ നിയന്ത്രിക്കുകയും വേണം.

ഈ വിഷയം ബഹു.കമ്മീഷന്റെ അനുഭാവപൂർവ്വമായ പരിഗണനയ്ക്കു സമർപ്പിക്കുന്നു.

**(വിദഗ്ദ്ധ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിപുലീകരണം ആവശ്യമാണ്.)**

## U. സാമ്പത്തിക-വിദ്യാഭ്യാസ-സാമൂഹിക പിന്നാക്കാവസ്ഥ - ക്ഷേമം

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി. കോശി കമ്മീഷൻ മുമ്പാകെ -------- സമർപ്പിക്കുന്ന നിവേദനം

വിഷയം: കേരള ക്രൈസ്തവ സമൂഹത്തിന്റെ സാമ്പത്തിക-വിദ്യാഭ്യാസ -സാമൂഹിക പിന്നാക്കാവസ്ഥ - ക്ഷേമം എന്നിവ സംബന്ധിച്ച്:

കേരളത്തിലെ ക്രൈസ്തവ സമൂഹം പലരും പ്രചരിപ്പിക്കുന്ന രീതിയിൽ മുന്നോക്കാവസ്ഥയുള്ള സമൂഹമല്ല. ഈ സമൂഹം അവഗണനകളെത്തുടർന്ന് തുടരെ തുടരെ പിന്നാക്കാവസ്ഥയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇവ പരിഹരിക്കുന്നതിനും ഈ സമൂഹത്തിന്റെ സുസ്ഥിതി ഉറപ്പാക്കുന്നതിനും ആവശ്യമായ കാര്യങ്ങൾ ബഹു. കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നു.

1. കേരളത്തിലെ ക്രൈസ്തവ സമൂഹം സാമ്പത്തികമായ തകർച്ചയിലും പിന്നാക്കാവസ്ഥയിലുമാണ്. ഇതിന്റെ പ്രധാന കാരണം ഈ സമൂഹം പ്രധാനമായും കാർഷിക വൃത്തിയെ ആശ്രയിച്ചാണ് ജീവിക്കുന്നത് എന്നതാണ്. റബറിന്റെയും മറ്റ് കാർഷിക വിളകളുടെയും വിലയിടിവ് ഈ സമൂഹത്തിന്റെ സാമ്പത്തിക സ്ഥിതിയെ വളരെ ദോഷകരമായി ബാധിച്ചിരിക്കുന്നു. കടബാധ്യതകൾ വർധിച്ചുവരുന്നു. ഇതുമൂലം കൃഷി ഭൂമി വിൽക്കുന്നവരുടെ എണ്ണം വർധിക്കുന്നു. കാർഷിക വിളകൾക്ക് വില സ്ഥിരത ഉറപ്പു വരുത്തുന്ന പദ്ധതികൾ സർക്കാർ ആവിഷ്കരിക്കണം. ക്രൈസ്തവരായ കർഷകരുടെ മകൾക്ക് ന്യുനപക്ഷ വകുപ്പിൽ പ്രത്യേക സ്കോളർഷിപ് പദ്ധതികൾ ആവിഷ്കരിക്കണം.

2. .പട്ടയവിഷയം, പരിസ്ഥിതി പ്രശ്നങ്ങൾ, ESA, ESZ, വന്യ മൃഗശല്യം, ബഫർ സോൺ കുടിയിറക്കു ഭീഷണി തുടങ്ങിയ വിഷയങ്ങളിൽ കർഷകരോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കണം. ഭൂമിശാസ്ത്ര പരമായ വെല്ലുവിളികൾ നേരിടുന്ന അവസ്ഥ പ്രത്യേക പരിഗണന അർഹിക്കുന്ന വിഷയമായി നിശ്ചയിക്കണം. ഇങ്ങനെയുള്ള മലയോര - ഉൾനാടൻ കർഷകർക്ക് വേണ്ടി പ്രത്യേക പാക്കേജുകൾ അനുവദിക്കണം.

3. ചെറുകിട കച്ചവടക്കാരും വളരെയധികം നഷ്ടത്തിലാണ്. പരമ്പരാഗത കച്ചവട മേഖലകൾ പലരും ഉപേക്ഷിച്ചു പോകുവകയാണ്. പാരമ്പരാഗത തൊഴിൽ, കടൽ ഉൾനാടൻ, മൽസ്യബന്ധന മേഖല എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിശദമായി പഠിച്ച് പരിഹരിക്കണം.

4. സർക്കാർ ഉന്നത വിദ്യാഭ്യാസ- പ്രൊഫഷണൽ - ഗവേഷണ മേഖലയിൽ ക്രിസ്ത്യൻ വിഭാഗത്തിൽ നിന്നുള്ള വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നില്ല. KEAM, NEET എൻട്രൻസ് പരീക്ഷകളിലും IIT, IIM പോലെയുള്ള Central Institutions of Excellence പ്രവേശനത്തിലും ക്രൈസ്തവ വിഭാഗത്തിൽ നിന്ന് ഉള്ളവർ പിന്തള്ളപ്പെടുന്നു. ഇത്തരം സ്ഥാപനങ്ങളിലേക്കുള്ള പ്രവേശന പരീക്ഷ പരിശീലനത്തിന് ക്രൈസ്തവർക്ക് പ്രത്യേക പദ്ധതികൾ ആവശ്യമുണ്ട്.

5 .സർക്കാർ നിയമനങ്ങളിൽ സംവരണേതര ക്രൈസ്തവർ വളരെ കുറവാണ്. 12% ജനസംഖ്യയുള്ള സംവരണേതര ക്രൈസ്തവർക്ക് നിയമനങ്ങളിൽ 5% ത്തിൽ താഴെ പ്രതിനിധ്യം മാത്രമേ മെറിറ്റിൽ ലഭിക്കുന്നുള്ളൂ. അതിനാൽ അവർക്കായി സ്പെഷ്യൽ കോച്ചിങ് സെന്ററുകൾ അനുവദിക്കണം. അതുപോലെ തന്നെ ജുഡീഷ്യൽ സർവ്വീസിലും നയരൂപീകരണ സമിതികളിലും ക്രൈസ്തവരുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും വേണം. വിവിധ UPSC പരീക്ഷ കോച്ചിംഗ് ക്ലാസ്സുകളിൽ മുസ്ലിം വിദ്യാർത്ഥികൾക്ക് സമാനമായി ക്രിസ്ത്യൻ വിദ്യാർത്ഥികൾക്കും ഫീ റി എംബെർഴ്സ് മെന്റ് സ്കീം നടപ്പിലാക്കണം.

6. ക്രിസ്ത്യൻ യുവാക്കളുടെ നൈപുണ്യ വികസനത്തിനു വേണ്ട ക്രമീകരണങ്ങൾ ചെയ്യണം. കുട്ടികൾക്കും യുവജനങ്ങൾക്കുമായി വ്യക്തിത്വ വികസന പരിപാടികൾ ക്രമീകരിക്കണം.

7 .കേന്ദ്ര സർക്കാരിന്റെ NSSO Periodic Labour Force Survey (PLFS) 2017-18 റിപ്പോർട്ട് പ്രകാരം രാജ്യത്തെ മത വിഭാഗങ്ങളിൽ തൊഴിലില്ലായ്മ നിരക്ക് ഏറ്റവും ഉയർന്നിരിക്കുന്നത് ക്രൈസ്തവ സമൂഹത്തിലാണ്. തൊഴിൽ രഹിതരായ ക്രിസ്ത്യൻ യുവജനങ്ങൾക്കു വേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.

8. ക്രൈസ്തവ കുടുംബങ്ങൾ ഏറ്റവും അധികം പ്രതിസന്ധി അഭിമുഖീകരിക്കുന്നത് മക്കളുടെ വിദ്യാഭ്യാസ മേഖലയിലാണ്. സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയും മൂലം ഉന്നത വിദ്യഭ്യാസം അപ്രാപ്യമാകുന്ന സാഹചര്യം വ്യാപകമാണ്. അതിനാൽ ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനായി ന്യൂനപക്ഷ ക്ഷേമ ധനകാര്യ കോർപറേഷൻ വഴി പലിശ രഹിത ലോൺ അനുവദിക്കണം. കൂടുതൽ ഫണ്ട് ഇതിനായി

വകയിരുത്തണം. കൂടാതെ കോട്ടയം, ഇടുക്കി, തൃശൂർ തുടങ്ങിയ ക്രൈസ്തവ പ്രാധാന്യമുള്ള ജില്ലകളിൽ കൂടി ഈ കോർപറേഷന്റെ ബ്രാഞ്ചുകൾ അനുവദിക്കണം.

9 .സാമൂഹിക സുരക്ഷാ പദ്ധതികളിലും ന്യൂനപക്ഷ പദ്ധതികളിലും ക്രൈസ്തവരുടെ പങ്കാളിത്തം വളരെ കുറവാണ്. പലപ്പോഴും ഇവയെക്കുറിച്ച് വ്യക്തമായ അറിവില്ലാത്തതും പ്രശ്നമാകുന്നു. അതിനാൽ ഇവയെക്കുറിച്ച് അറിവുകൾ നൽകാൻ സർക്കാർ സംവിധാനങ്ങൾ ഒരുക്കണം. ന്യൂനപക്ഷ ക്ഷേമവകുപ്പിൽ നിന്നും ക്രൈസ്തവർ നിരവധിയായ വിവേചനങ്ങൾ നേരിടുന്നുമുണ്ട്. ഇവയ്ക്കു പരിഹാരം കാണാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം.

10. ന്യുനപക്ഷ ക്ഷേമ വകുപ്പും ഡയറക്ട്രേറ്റും രൂപീകരിച്ച് പത്തു വർഷങ്ങൾ കഴിഞ്ഞിട്ടും വകുപ്പിന്റെ റൂൾസ് രൂപീകരണം നടത്തിയിട്ടില്ല എന്നത് ഗുരുതരമായ പ്രശ്നമാണ്. സുതാര്യതയും ക്രമവും ഉറപ്പു വരുത്തുന്നതിനായി ന്യുനപക്ഷ ക്ഷേമ വകുപ്പിന്റെ റൂൾസ് രൂപീകരണം അടിയന്തിരമായി നടത്തുന്നതിന് ബഹു.കമ്മീഷൻ സംസ്ഥാന സർക്കാരിന് ശിപാർശ നൽകണം.

11. കേരള സംസ്ഥാന ന്യുനപക്ഷ കമ്മീഷൻ ആക്ട് 2014 വകുപ്പ് 9(k) പ്രകാരം 'to take necessary steps to ensure the representation of minorities proportionate to their population in various employment projects and social development projects 'എന്നത് കമ്മീഷന്റെ ചുമതലയും അധികാരവുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ന്യുനപക്ഷ ക്ഷേമ വകുപ്പിന്റെ 80:20 അനുപാതം ഉൾപ്പെടെയുള്ള അനീതിക്കെതിരെ വിവിധ സംഘടനകളും വ്യക്തികളും സംസ്ഥാന ന്യുനപക്ഷ കമ്മീഷനിൽ ഒട്ടനവധി പരാതി സമർപ്പിച്ചിട്ടും കമ്മീഷന്റെ ഭാഗത്തു നിന്ന് യാതൊരു വിധ നടപടിയും ഉണ്ടായില്ല.ഇത് പ്രകടമായ അനീതിയും സ്വജന പക്ഷപാതവുമാണ്. ഇത്തരം ഗുരുതമായ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിന് ബഹു.കമ്മീഷൻ സംസ്ഥാന സർക്കാരിന് ശിപാർശ നൽകണം.

12 .ക്രൈസ്തവരുടെ ഇടയിൽ മുതിർന്ന പൗരന്മാരുടെ അനുപാതം ഉയർന്നതാണ്. വയോധികർ മാത്രമുള്ള കുടുംബങ്ങൾ ധാരാളമുണ്ട്. പാലിയേറ്റീവ് കെയർ, ജന മൈത്രി പോലീസ് സഹായങ്ങൾ എന്നിവ പ്രത്യേക പരിഗണന നൽകി അനുവദിക്കുന്നതിന് ശുപാർശ നൽകണം.

13. സാമ്പത്തിക സംവരണം ലഭിക്കുന്നതിനുള്ള EWS സർട്ടിഫിക്കറ്റ് അർഹരായ ക്രൈസ്തവർക്ക് നിഷേധിക്കുന്ന പ്രവണത ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ധാരാളമായി ഉണ്ടാകുന്നു.കേരളത്തിൽ കൃഷിഭൂമിയില്ല എന്നും മുഴുവൻ കരഭൂമിയും house plot (ഹൗസ് പ്ലോട്ട് ) ആണെന്നും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് കർഷക കുടുംബങ്ങൾക്ക് കേന്ദ്ര മാനദണ്ഡപ്രകാരമുള്ള EWS സർട്ടിഫിക്കേറ്റ് നിഷേധിക്കപ്പെടുന്നു. ഇത് അടിയന്തിരമായി പരിഹരിക്കപ്പെടണം.

14. ഉത്തരേന്ത്യൻ സാഹചര്യത്തിൽ രൂപപ്പെടുത്തിയ ചില കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം കേരളത്തിലെ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്കുള്ള EWS സർട്ടിഫിക്കറ്റ് ലഭിക്കാൻ ബുദ്ധിമുട്ടാണ്. ഇതു പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

15. ക്രൈസ്തവ യുവജനങ്ങളിൽ 30-35 വയസ് കഴിഞ്ഞിട്ടും വിവാഹം കഴിക്കാത്ത യുവജനങ്ങൾ നിരവധിയാണ്. ഇവർക്കായി പ്രത്യേക മാട്രിമോണിയലുകൾ തുടങ്ങുകയും ജീവിത മാർഗങ്ങൾ കണ്ടെത്താൻ വേണ്ട സഹായങ്ങൾ നൽകുകയും ചെയ്യണം.

16 .പ്രവാസത്തിൽ നിന്നും തിരികെ വന്ന ക്രൈസ്തവർക്കായി നോർക്കയും ന്യൂനപക്ഷ ക്ഷേമ വകുപ്പും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.

17. ക്രൈസ്തവ അധിവാസ മേഖലകളായ കുട്ടനാട്, തീരപ്രദേശം, മലയോര മേഖലകൾ ഇവിടങ്ങളിൽ ശുദ്ധജല ക്ഷാമവും കുടിവെള്ള ക്ഷാമവും രൂക്ഷമാണ്. കൂടാതെ ഇത്തരം പ്രദേശങ്ങളിൽ ഗതാഗത, ആരോഗ്യ, ഉന്നത വിദ്യാഭ്യാസ സംവിധാനങ്ങളുടെ അപര്യാപ്തത എന്നിവയുണ്ട്. ന്യുനപക്ഷ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കേന്ദ്ര ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികളും സർക്കാരിന്റെ പൊതു പദ്ധതികളും ക്രൈസ്തവ മേഖലകളിൽ കൂടി നടപ്പാക്കണം.പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം എന്ന ന്യൂനപക്ഷ പദ്ധതിയിൽ ക്രൈസ്തവർക്ക് പ്രാതിനിധ്യം ഇല്ലാത്ത അവസ്ഥ പരിഹരിക്കാൻ ഇടപെടൽ ഉണ്ടാകണം.

18. ഉൾനാടൻ പ്രദേശങ്ങളിലും, ഇടുക്കി, മലബാർ, കുട്ടനാട്, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിലും താമസിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ- ഉന്നത വിദ്യാഭാസ സൗകര്യങ്ങൾ വളരെ കുറവായതിനാൽ കോളേജുകളോട് അനുബന്ധിച്ച് അവർക്കായി പ്രത്യേക ഹോസ്റ്റലുകൾ ആരംഭിക്കുകയും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയും വേണം.

19. OEC ലിസ്റ്റിൽ ഉൾപ്പെടുന്ന പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിന് പട്ടിക ജാതി വിഭാഗത്തിന് അനുവദിച്ചിട്ടുള്ള എല്ലാ വിദ്യാഭ്യാസ -സാമ്പത്തിക സഹായങ്ങളും അനുവദിക്കണം.

20. സ്ത്രീ ശാക്തീകരണ പരിപാടികളിൽ ക്രിസ്ത്യൻ വനിതകളുടെ പങ്കാളിത്തം വളരെ കുറഞ്ഞു വരുന്നു. ഇവരെ കൂടി ഉൾച്ചർക്കാൻ ഉള്ള പദ്ധതികൾ ആവിഷ്കരിക്കണം.

21. കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്ന ക്രൈസ്തവർ പലപ്പോഴും മറ്റ് ഭാഷകൾ സംസാരിക്കുന്നവരായിരിക്കും. അവർക്ക് പൊതുവായ സർക്കാർ അറിയിപ്പുകളും നിർദേശങ്ങളും ലഭിക്കാതെ വരുന്നു. സർക്കാർ ക്ഷേമപദ്ധതികളെക്കുറിച്ച് അവർക്ക് പ്രത്യേക അറിയിപ്പുകൾ കൊടുക്കാൻ നിർദ്ദേശം നൽകണം.

22. മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും സമൂഹത്തിലും യുവജനങ്ങളുടെ ഇടയിലും വളരെ കൂടുതലാണ്. ഇത് കുടുംബ ബന്ധങ്ങളെയും ആരോഗ്യത്തെയും സാമ്പത്തിക സുസ്ഥിതിയെയും ബാധിക്കുന്നു. കൂടാതെ കുറ്റകൃത്യങ്ങളും പെരുകുന്നു. ഇതിനെതിരെ

ശക്തമായ ബോധവൽക്കരണം നടത്തുകയും സത്വര നടപടികൾ സ്വീകരിക്കുകയും വേണം. കൂടുതൽ ഡി അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ സഹായം ചെയ്യണം.

23. ക്രൈസ്തവരുടെ മത വിശ്വാസം വ്രണപ്പെടുത്തുന്ന നിരവധി സംഭവങ്ങൾ മാധ്യമങ്ങൾ, സിനിമകൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവ വഴിയും നേരിട്ടും നിരന്തരമുണ്ടാകുന്നു. ഇവ ന്യൂനപക്ഷാവകാശങ്ങളുടെ ലംഘനമാണ് .ഇത് സംബന്ധിച്ച് നൽകുന്ന പരാതികളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കപ്പെടുന്നില്ല. ഈ വിഷയത്തിൽ ശക്തമായ നടപടികൾ ഉണ്ടാകണം.

24. മേരി റോയി കേസിന്റെ വിധി നിർണ്ണയം ക്രൈസ്തവ കുടുംബങ്ങളിൽ പല കലഹങ്ങൾക്കും സ്വത്തു തർക്കങ്ങൾക്കും ഇടയാക്കുന്നുണ്ട്. ഇവ മൂലം ലോൺ എടുക്കാൻ സാധിക്കാത്തവരും വിദ്യാഭ്യാസവും മറ്റ് ജീവിത സൗകര്യങ്ങളും നേടാൻ സാധിക്കാത്തവരും നിരവധിയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക ട്രൈബ്യൂണൽ പോലെയുള്ള സംവിധാനം ഉണ്ടാക്കണം.

25. സ്വാതന്ത്ര്യ സമരത്തിലുള്ള ക്രൈസ്തവരുടെ പങ്കിനെ അംഗീകരിക്കുകയും.രാഷ്ട്രത്തിന്റെയും സംസ്ഥാനത്തിന്റെയും ബൗദ്ധിക സാംസ്കാരിക രംഗത്തുള്ള പ്രാദേശിക ക്രൈസ്തവരുടെയും മിഷണറിമാരുടെയും സംഭാവനകളെ ബഹുമാനിച്ച് അവ ശേഖരിച്ചു സൂക്ഷിക്കുയും പൊതു സമൂഹത്തിന് പകർന്നു കൊടുക്കുകയും അവർക്കായി ഉചിതമായ സ്മാരകങ്ങൾ രൂപീകരിക്കുകയും വേണം. പ്രത്യേകിച്ച് ദേവവസഹായം പിള്ള, തച്ചിൽ മാത്തു തരകൻ തുടങ്ങിയവർക്കായി സ്മാരകങ്ങൾ ആരംഭിക്കണം. ഇത്തരം പഠനങ്ങൾക്കും ക്രൈസ്തവ കല, സംസ്കാരം, ഭാഷ, സാഹിത്യം എന്നിവയ്ക്കുമായി ഒരു ക്രിസ്ത്യൻ യൂണിവേഴ്സിറ്റി ആരംഭിക്കണം.

26. ക്രൈസ്തവ ഭാഷകളായ സുറിയാനിയും ലത്തീനും സംരക്ഷിക്കപ്പെടുകയും സ്കൂൾ തലം മുതൽ പഠിപ്പിക്കുന്നതിനുള്ള ക്രമീകരണം നടത്തുകയും ചെയ്യണം.

27. സ്കൂൾ തലം മുതൽ പ്രൊഫഷണൽ-ഉന്നത വിദ്യാഭ്യാസ തലം വരെയുള്ള ക്രിസ്ത്യൻ വിദ്യാർത്ഥികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംസ്ഥാന ന്യുനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രത്യേക സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിന് ശുപാർശ നൽകണം.

28. വൈദികർ സന്യസ്തർ എന്നിവർക്കും കപ്യാർ ,കണക്കൻ തുടങ്ങിയ ദേവാലയ ജീവനക്കാർക്കുമായി ക്ഷേമപദ്ധതികൾ ആവിഷ്കരിക്കണം. മദ്റസാ അധ്യാപക ക്ഷേമ നിധി ബോർഡ് മാതൃകയിൽ ക്രിസ്ത്യൻ വിഭാഗത്തിന് ക്ഷേമ നിധി ബോർഡ് രൂപീകരിക്കണം.

കേരള ക്രൈസ്തവ സമൂഹവുമായി ബന്ധപ്പെട്ട ഈ പൊതുവായ വിഷയങ്ങൾ ബഹു കമ്മീഷൻ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും പരിഹാര നടപടികൾക്ക് ശുപാർശ ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

# ഉപസംഹാരം

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ ഇത് ഒരു പ്രാഥമിക രേഖ മാത്രമാണ്. വിശദമായ ചർച്ചകളിലൂടെയും പഠനങ്ങളിലൂടെയും ഇതിലെ ആശയങ്ങൾ വിപുലീകരിച്ച് വിവിധ നിവേദനങ്ങളായി നൽകാൻ സാധിക്കണം. ഇത് സീറോ മലബാർ സഭാംഗങ്ങൾക്ക് സഭാപരമായ ഫോറങ്ങളിൽ മാത്രം ഉപയോഗിക്കാനായി നൽകപ്പെട്ടിരിക്കുന്നതാണ്. **ഇത് സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവയ്ക്കാനോ പൊതു സമൂഹത്തിന്റെ ചർച്ചകൾക്ക് വിധേയമാക്കാനോ പാടുള്ളതല്ല.** എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. പരമാവധി നിവേദനങ്ങൾ എല്ലാ മേഖലകളും ഉൾപ്പെടത്തക്കവിധം സമർപ്പിക്കണമെന്ന് എല്ലാ സഭാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു. ഇതിൽ കാലതാമസം ഉണ്ടാകാൻ പാടില്ല. തുല്യനീതി പുലരുന്ന ഒരു നല്ല നാളെക്കായി നമുക്ക് പരിശ്രമിക്കാം.